മൂന്നാം പാഠം



ഫഫലഒ

Fathima Beevi J. S.

110.11

മൂന്നാം പാഠം

കൊച്ചിയിലെ പാഠ്യപുസ്തകക്കമ്മെററിയെക്കൊണ്ടു
തയാറാക്കിച്ചു്, ഗവമ്മെണ്ടിൽനിന്നു
പ്രസിദ്ധപ്പെടുത്തുന്നതു്.

൧൧൨൪

വില 0—6—0

III—1

പാഠങ്ങൾ

				ഭാഗം
൧.	പഞ്ചവർണ്ണക്കിളി	..	..	൧
൨.	പഞ്ചസാര	..	..	൪
൩.	കുട്ടിയും തള്ളയും	(പദ്യം)	താരാട്ട്	൮
൪.	ആന	..	..	൯
൫.	സൽസ്വഭാവം	..	..	൧൪
൬.	ആരോഗ്യം I	..	..	൨൦
൭.	കാട്ടാളൻ	(പദ്യം)	കാകളി	൨൪
൮.	സിദ്ധാർത്ഥൻ	..	..	൨൫
൯.	വാഹനങ്ങൾ	..	..	൨൮
൧൦.	വസ്ത്രം	..	..	൩൮
൧൧.	മഴകണ്ട കുട്ടി	(പദ്യം)	മഞ്ജരി	൪൨
൧൨.	ആരോഗ്യം II	..	..	൪൩
൧൩.	മഹാനായ അക്ബർ	..	..	൪൭
൧൪.	കാററും കതിരവനും	..	..	൫൧
൧൫.	ഒരു ഭീരു	(പദ്യം)	തുള്ളൽ	൫൪
൧൬.	നെൽക്കൃഷി	..	..	൫൫
൧൭.	കുഞ്ചൻ നമ്പ്യാർ	..	..	൬൦
൧൮.	കൊച്ചുരാമൻ	..	..	൬൩
൧൯.	അമ്പിളി	(പദ്യം)	പാന	൬൯
൨൦.	വീട്ടുപക്ഷികൾ	..	..	൭൧
൨൧.	യേശുക്രിസ്തു	..	..	൭൪
൨൨.	പുലിയും ചിത്രകാരനും	..	..	൭൮
൨൩.	സുപ്രഭാതം	(പദ്യം)	മഞ്ജരി	൮൫
൨൪.	പോഷ്യോയ പണസ്സഞ്ചി	..	..	൮൬
൨൫.	തേനീച്ച	..	..	൯൨
൨൬.	തപാൽ	..	..	൧൦൧
൨൭.	നോക്കിനടക്കണം	..	..	൧൦൭
൨൮.	സൂൎയ്യപ്രഭയും വിനയവതിയും	..	..	൧൧൦

പക്ഷികളുടെ സമാജം

പാഠം ൮

പഞ്ചവൎണ്ണക്കിളി

വളരെമുമ്പു്, പക്ഷികൾക്കു് ഇന്നത്തെ മാതിരി വിവിധവൎണ്ണങ്ങളിലുള്ള തൂവലുകൾ ഉണ്ടായിരുന്നില്ല. കാക്കയ്ക്കും, വെള്ളിലിന്നും, തത്തയ്ക്കും മഞ്ഞക്കിളിയ്ക്കും എല്ലാം ഒട്ടും ഭംഗിയില്ലാത്ത ഒരു ചാരനിറമായിരുന്നു. അതു നിമിത്തം അവയെ തമ്മിൽ തിരിച്ചറിയുവാൻ തന്നെ വളരെ പ്രയാസം നേരിട്ടിരുന്നു. അങ്ങനെയിരിയ്ക്കെ, ഒരു ദിവസം പക്ഷികളുടെ രാജാവു തൻെറ പ്രജകളായ പറവകളെ എല്ലാം വിളിച്ചുകൂട്ടി.

ഉയരമുള്ള ഒരു അശ്വത്ഥവൃക്ഷത്തിൻെറ കൊമ്പുകളിൽ പക്ഷികളെല്ലാം ഇരിപ്പുറപ്പിച്ചു. അവരുടെ രാജാവു് ഏററവും ഉയൎന്ന ചില്ലയിൽ ഇരുന്നു് ആകാശത്തിലേയ്ക്കു ചൂണ്ടിക്കാണിച്ചുകൊണ്ടു്, ഇങ്ങനെ പറഞ്ഞു:—"അതാ— നോക്കുവിൻ, ഏററവും മനോഹരമായ മഴവില്ലു് അവിടെ തെളിഞ്ഞുകാണുന്നു. ഈശ്വരൻ അതിലെ ഏഴു വൎണ്ണങ്ങൾ സൃഷ്ടിച്ചതു പക്ഷി

കളുടെ ഉപയോഗത്തിന്നായിരിയ്ക്കണം. അതി നാൽ ഈ മഴവില്ലിൽനിന്നും നിങ്ങൾക്ക് ഇഷ്ടമുള്ള നിറങ്ങൾ തിരഞ്ഞെടുത്തുകൊള്ളുവിൻ."

ഇതുകേട്ടു സന്തോഷഭരിതരായ പറവകൾ ചിറകിട്ടടിയ്ക്കുകയും അവരുടെ രാജാവിനെ പ്രശംസിയ്ക്കുകയും ചെയ്തു. ആദ്യമായി പ്രസംഗത്തിൽ സമൎത്ഥനായ തത്ത പറഞ്ഞു:—"മഹാരാജാവേ, കണ്ണിന്നു കുളൎമ്മയും, ജീവികൾക്കു തണലും നൽകുന്ന ഇലകളുടെ നിറം എനിയ്ക്കു കിട്ടിയാൽ കൊള്ളാം."

അങ്ങനെ ശുകത്തിന്നു പച്ചനിറം ലഭിച്ചു. "പൂവൻപഴത്തിൻെറ അഴകേറിയ നിറം മതി എനിയ്ക്കു്" എന്നു മഞ്ഞക്കിളി പറഞ്ഞു. "പശുവിൻപാലുപോലെ പരിശുദ്ധമായ വെള്ളനിറമാണു് എനിയ്ക്കിഷ്ടം" എന്നു വെള്ളിൽപ്പക്ഷി പ്രസ്താവിച്ചു. "നീലാകാശത്തിൽക്കൂടി പറക്കുമ്പോൾ കറുപ്പുനിറം തെളിഞ്ഞുകാണാം. അതിനാൽ കൃഷ്ണവൎണ്ണം എനിയ്ക്കു തരിക" എന്നു കാക്ക ആവശ്യപ്പെട്ടു.

ഇപ്രകാരം പക്ഷികൾ തങ്ങൾക്കിഷ്ടമുള്ള വൎണ്ണങ്ങൾ സ്വീകരിച്ചു. സംസാരിയ്ക്കുവാൻ സന്ദൎഭം ലഭിയ്ക്കാതെ ഒരു മൂലയിൽ ഒതുങ്ങി

നിന്നിരുന്ന ഒരു ചെറുകിളിയെ ഒടുവിലാണു് പക്ഷിരാജൻ കണ്ടതു്.

"അല്ലാ! നീ എന്താണു് ഒന്നും ചോദിയ്ക്കാതിരുന്നതു്? ഇനി ഒരു വൎണ്ണവും ബാക്കിയില്ലല്ലോ," എന്നു രാജാവു പറഞ്ഞതു കേട്ടു് ആ ചെറു പക്ഷി വല്ലാതെ വ്യസനിച്ചു. അതിന്നു കരച്ചിൽ വന്നു. "ഞാൻ എന്നും വൃത്തികെട്ട ഈ ചാര നിറമായി നടക്കേണ്ടിവരുമോ?" എന്നു് അതു തൊണ്ട ഇടറിക്കൊണ്ടു ചോദിച്ചു. തങ്ങൾക്കു കിട്ടിയ പുതിയ വൎണ്ണങ്ങളിൽ ആഹ്ലാദിച്ചു് അഹങ്കരിച്ചിരുന്ന പക്ഷികൾ ആ കൊച്ചു പക്ഷിയെ ആശ്വസിപ്പിയ്ക്കുവാൻ ഒരു വാക്കു പോലും പറഞ്ഞില്ല. അവ ഓരോന്നായി പറന്നു പോകുവാൻ ഒരുക്കംകൂട്ടിത്തുടങ്ങി. അപ്പോൾ പക്ഷികളുടെ അരചൻ ആജ്ഞാപിച്ചു:—

"പറന്നുപോകാൻ വരട്ടെ. നിങ്ങൾ ഓരോരുത്തരായി എന്റെ മുമ്പിൽ വരുവിൻ."

പറവകൾ രാജാവിന്റെ മുമ്പിൽ ചെന്നു. രാജാവു് അവയുടെ നിറമേറിയ ചിറകുകളിൽ നിന്നു് ഏതാനും തൂവലുകൾ പറിച്ചെടുത്തു. അപ്പോൾ ഏററവും ഭംഗിയുള്ള അഞ്ചു വൎണ്ണങ്ങൾ അരചന്റെ കൈയിലിരുന്നു തിളങ്ങി.

ഒടുവിൽ ആ പാവപ്പെട്ട ചെറുകിളിയെ അടുത്തു വിളിച്ച് രാജാവ് ആ അഞ്ചു നിറങ്ങളും അതിന്നു സമ്മാനിച്ചു. "ഏററവും ക്ഷമയോടും വിനയത്തോടും കൂടി പെരുമാറിയ നീ മാത്രം ചാരനിറമായി സഞ്ചരിയ്ക്കുന്നതു യുക്തമല്ല" എന്ന് അരചൻ പറഞ്ഞു. കിളികളിൽവെച്ച് അഴകും നിറപ്പകിട്ടും ഏറിയ പഞ്ചവർണ്ണക്കിളി രാജാവിനു നന്ദി പാടിപ്പറന്നു പോയി.

പാഠം ൨

പഞ്ചസാര

കുട്ടികൾ എല്ലാവരും ഇഷ്ടപ്പെടുന്ന ഒരു മധുരപദാർത്ഥമാണ് പഞ്ചസാര. പഞ്ചസാരയുടെ രുചി അറിഞ്ഞിട്ടില്ലാത്ത വല്ലവരും ഈ ക്ലാസിൽ ഉണ്ടോ? പക്ഷെ, പഞ്ചസാര എങ്ങനെയാണുണ്ടാക്കുന്നതെന്നു നിങ്ങൾക്കറിയാമോ? പാൽ, മധുരഫലങ്ങൾ, ധാന്യങ്ങൾ, തേൻ ഇവയിലെല്ലാം പഞ്ചസാര അടങ്ങിയിരിയ്ക്കുന്നു. എന്നാൽ മധുരരസം അധികമുള്ള കരിമ്പിൽ നിന്നാണ് നാം പഞ്ചസാര ഉണ്ടാക്കുന്നത്.

കരിമ്പിൻചെടി

ഒരു പാത്രത്തിൽ അല്പം പഞ്ചസാരയും, അതിന്നടുത്തു് ഒരു കഷണം കരിമ്പും വെച്ചു നോക്കുക. കാഴ്ചയിൽ അവ തമ്മിൽ എത്ര വ്യത്യാസമുണ്ടു്! പഞ്ചസാര വായിലിട്ടാൽ ക്ഷണത്തിൽ അലിഞ്ഞുപോകും. കരിമ്പിൻെറ കട്ടിയുള്ള പുറംതൊലി കളഞ്ഞു്, ചെറുതുണ്ടുകളാക്കി മുറിച്ചു്, പല്ലുകൊണ്ടു ചവച്ചാൽ മാത്രമേ കരിമ്പിൻനീർ നമുക്കു കിട്ടുകയുള്ളു. മധുരം ആവശ്യമുള്ള സമയത്തെല്ലാം കരിമ്പുവെട്ടി ചതച്ചു

നീരെടുക്കുന്നതു പ്രയാസമുള്ള കാൎയ്യമാണ്. അതു കൊണ്ടു്, ബുദ്ധിമാന്മാരായ മനുഷ്യർ കരിമ്പിൻ നീരിൽ നിന്നും, എത്രകാലം വേണമെങ്കിലും സൂക്ഷിച്ചുവെയ്ക്കാവുന്ന പഞ്ചസാര വേർതിരിച്ചെടുക്കുന്നു. സസ്യവൎഗ്ഗത്തിൽപ്പെട്ട കരിമ്പു മണൽത്തരിപോലെയുള്ള പഞ്ചസാരയായി മാറുന്നതെങ്ങനെയാണ്?

മൂത്ത കരിമ്പിൻതണ്ടു വെട്ടി ഇലകൾ കളഞ്ഞു് ഒരു ഇരുമ്പുചക്കിന്റെ രണ്ടു് ഉരുളകൾക്കിടയിലിട്ടു ഞെക്കുന്നു. അപ്പോൾ കരിമ്പിന്റെ നീർ അടിയിൽ വെച്ചിട്ടുള്ള ഒരു പാത്രത്തിൽ വാഴും. ആ നീരിൽ പലവിധത്തിലുള്ള അഴുക്കുകൾ ഉണ്ടായിരിയ്ക്കും. ചുണ്ണാമ്പും മററു ചില വസ്തുക്കളും ചേൎത്തു തെളിയിച്ചു് ഊററിയും, പത മുക്കിക്കളഞ്ഞും ഈ നീർ ശുദ്ധമാക്കുന്നു. ശുദ്ധമായ കരിമ്പിൻനീർ ഒരു പരന്ന പാത്രത്തിലൊഴിച്ചു തിളപ്പിച്ചു വററിച്ചാൽ കൊഴുത്ത ഒരു പദാൎത്ഥം അവശേഷിയ്ക്കും. അതു തണുപ്പിച്ചു് ഉരുട്ടിയൊ അച്ചിലൊഴിച്ചൊ സൂക്ഷിയ്ക്കാം. അതാണ് ശക്കര. നമ്മുടെ നാട്ടിൽ പല സ്ഥലങ്ങളിലും ശക്കര ഉണ്ടാക്കുന്നുണ്ടു്.

കരിമ്പിൻനീരിലെ അശുദ്ധവസ്തുക്കൾ മുഴുവൻ അകററിക്കളഞ്ഞും, അധികം തീ കത്തി

യ്ക്കാതെ ജലാംശം നീക്കിയും, പല രസായന വസ്തുക്കളും ചേർത്ത് ഉരുക്കിയരിച്ചും ആണ് പഞ്ചസാരയുണ്ടാക്കുന്നതു്. തിരുവിതാംകൂറിൽ "തക്കല" എന്ന സ്ഥലത്തു പഞ്ചസാരയുണ്ടാക്കുന്ന ഒരു യന്ത്രശാലയുണ്ടു്. ബീഹാറിലും, മദിരാശി സംസ്ഥാനത്തിലെ തെക്കെ ആർക്കാടുജില്ലയിലും മൈസൂരിലും പഞ്ചസാര നിർമ്മിയ്ക്കുന്നുണ്ടു്.

കരിമ്പു വളരുന്നതു് ഉഷ്ണരാജ്യങ്ങളിൽ മാത്രമാണ്. ശീതരാജ്യങ്ങളിൽ പഞ്ചസാരയുണ്ടാക്കുന്നതു "ബീററ്" എന്ന ഒരുതരം കിഴങ്ങിൽ നിന്നാണ്. നമ്മുടെ മധുരക്കിഴങ്ങു പോലെയുള്ള ഒരു കിഴങ്ങാണ് "ബീററ്". ബീററിന്നും കരിമ്പിനും തമ്മിൽ കാഴ്ചയിൽ യാതൊരു സാമ്യവുമില്ല. എന്നാൽ അവ രണ്ടിൽനിന്നും എടുക്കുന്ന പഞ്ചസാര ഒന്നുതന്നെയാണ്.



പാഠം ൩

കുട്ടിയും തള്ളയും



ഈവല്ലിയിൽ നിന്നു ചെമ്മേ—പൂക്കൾ
പോവുന്നിതാ പറന്നമ്മേ!
തെററീ! നിനക്കുണ്ണി ചൊല്ലാം—നൽപ്പൂ-
മ്പാററകളല്ലേ യിതെല്ലാം.

മേൽക്കുമേലിങ്ങവ പൊങ്ങി—വിണ്ണിൽ
നോക്കമ്മേ, യെന്തൊരു ഭംഗി!
അയ്യോ! പോയ്ക്കൂടികളിപ്പാൻ—അമ്മേ!
വയ്യേ യെനിയ്ക്കു പറപ്പാൻ! ൰

ആകാത്തതിങ്ങനെ എണ്ണി—ചുമ്മാ
മാഴ്കൊല്ലാ യെന്നോമലുണ്ണീ!
പിച്ചനടന്നു കളിപ്പു—നീയി-
പ്പിച്ചകമുണ്ടോ നടപ്പൂ? ൰൧

അമ്മട്ടിലായതെന്തെന്നാൽ?—ഞാനൊ-
രുമ്മതരാമമ്മ ചൊന്നാൽ.
നാമിങ്ങറിയുവതല്പം—എല്ലാ-
മോമനേ, ദൈവസങ്കല്പം. ൰൨

(കുമാരനാശാൻ)

പാഠം ൪

ആന

ആന ഒരു കാട്ടുമൃഗമാണ്. എങ്കിലും മനുഷ്യർ അതിനെ പിടിച്ച് ഇണക്കി വളർത്താറുണ്ട്. അതിനാൽ ആനയെ നാട്ടിലും സുലഭമായി കാണാം. കരയിൽ ജീവിയ്ക്കുന്ന മൃഗങ്ങളിൽ

ഏററവും വലിയതു് ആനയാണു്. ജലജീവികളിൽ ഏററവും വലിയതു് ഏതാണെന്നു നിങ്ങൾക്കു പറയാമോ? തിമിംഗലത്തെപ്പററി നിങ്ങൾ കേട്ടിട്ടുണ്ടോ?

മററു ജന്തുക്കൾക്കില്ലാത്ത പല പ്രത്യേകതകളും ആനയ്ക്കുണ്ടു്. പശു, പോത്തു്, മാൻ തുടങ്ങിയ മൃഗങ്ങളുടെ കൊമ്പു തലയുടെ മുകൾഭാഗത്താണു്. ആനയുടെ കൊമ്പു വായിൽനിന്നാണു് പുറപ്പെടുന്നതു്. വാസ്തവത്തിൽ പല്ലുതന്നെയാണു് ആനയുടെ കൊമ്പു്. അതുകൊണ്ടുതന്നെയാണു് ആനക്കൊമ്പിന്നു "ദന്തം" എന്നു പേർവന്നതും. ആനയ്ക്കു "ദന്തി" എന്ന നാമമുണ്ടാകുവാൻ കാരണം അതിൻെറ കൊമ്പാണു്. പിടിയാനയ്ക്കു കൊമ്പില്ല; തേററകളേ ഉള്ളു. ചില ആണാനകൾക്കും കൊമ്പുണ്ടാവുകയില്ല. അത്തരം ആനകളെ "മോഴ"കൾ എന്നു പറയുന്നു.

നീളമേറിയ തുമ്പിക്കൈ ആനയുടെ മുൻവശത്തു തൂങ്ങിക്കിടക്കുന്നു. തുമ്പിക്കൈ ആനയുടെ മൂക്കാണു്. ആന അതിൽക്കൂടിയാണു് ശ്വാസോച്ഛ്വാസം ചെയ്യുന്നതു്. ആന തുമ്പിക്കൈയിലേയ്ക്കു വെള്ളം വലിച്ചുകയററി വായിലൊഴിച്ചു കുടിയ്ക്കുന്നതു നിങ്ങൾ കണ്ടിട്ടില്ലേ? ഇടത്തരം മരങ്ങളും മററും കടയോടേ പുഴക്കിയെടുക്കുവാൻ

ആനയുടെ തുമ്പിക്കൈയിന്നു കെല്പുണ്ടു്. അതേസമയംതന്നെ, ഒരു ചെറിയ കുട്ടിയുടെ കൈവിരലുകൾക്കെന്നപോലെ നിലത്തുനിന്നു ചെറുസൂചിപോലും പെറുക്കി എടുക്കുവാൻ അതിന്നു കഴിയും. ആനയുടെ ഘ്രാണശക്തിയും അത്ഭുതാവഹമാണു്.



തൂണുപോലെ തടിച്ചുരുണ്ട കാലുകളാണു് ആനയ്ക്കുള്ളതു്. ആനയുടെ പിൻകാലുകൾക്കുള്ള ഒരു വിശേഷം നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ? പശു, നായ മുതലായവയുടെ പിൻകാലുകൾ നമ്മുടെ കൈകൾപോലെയും ആനയുടെ പിൻകാലുകൾ നമ്മുടെ കാലുകൾപോലെയുമാണു് മടങ്ങുക.

ആനയുടെ ചെവികൾ വലിയ വിശറികൾ പോലെ തലയുടെ ഇരുഭാഗങ്ങളിലുംനിന്നു് ആടുന്നതു കാണ്മാൻ കൌതുകമുണ്ടു്. നമ്മുടെ നാട്ടിലെ ആനകളുടെ ചെവികളേക്കാൾ എത്രയോ വലിപ്പമേറിയവയത്രേ ആഫ്രിക്കയിലെ ആനകളുടെ ചെവികൾ. ആനയുടെ കണ്ണുകൾ താരതമ്യേന ചെറുതാണു്. എങ്കിലും അവയ്ക്കു നല്ല കാഴ്ചയുണ്ടു്.

ആന സസ്യഭുക്കാണു്. ഇലകളും മരക്കമ്പുകളും മററുമാണു് അതിൻെറ ഭക്ഷണസാധനം. "കരിമ്പു തിന്നാൻ ആനയ്ക്കു തരിമ്പല്ല കുതൂഹലം". ചോറു്, പഴം, ചക്ക മുതലായതും ആനയ്ക്കു പ്രിയംതന്നെ.

വനങ്ങളിൽ കൂട്ടമായി സഞ്ചരിയ്ക്കുന്ന ആനകളെ മനുഷ്യൻ പിടിയ്ക്കുന്നതെങ്ങനെയാണു്? ആനകളുടെ സഞ്ചാരസ്ഥലങ്ങൾ മുൻകൂട്ടി മനസ്സിലാക്കി, അവിടങ്ങളിൽ ആഴമുള്ള വലിയ കുഴികൾ കുഴിയ്ക്കുന്നു. കുഴികളുണ്ടെന്നു കണ്ടുപിടിയ്ക്കുവാൻ കഴിയാത്തവിധത്തിൽ അവയുടെ മുകൾഭാഗം ഈററക്കമ്പുകളും ഇലകളും പുല്ലുകളും നിരത്തി മൂടുന്നു. സാധാരണമായി മുമ്മൂന്നു കുഴികൾ നിരത്തി ഉണ്ടാക്കിയിരിയ്ക്കും. ആപൽഭയം കൂടാതെ കളിച്ചുനടക്കുന്ന ആനകൾ കുഴിയിൽ

വീഴുന്നു. കുഴിയിൽ ആനയ്ക്കുനിന്നു തിരിയാൻ ഇടമുണ്ടായിരിയ്ക്കയില്ല. അധികം താമസിയാതെ വക്കകൊണ്ടു കുടുക്കിട്ടു താപ്പാനകളുടെ സഹായത്തോടെ ആനയെ കുഴിയിടിച്ചു കയററി കൊപ്പത്തിലാക്കുന്നു. ഇതിൽവെച്ചാണ് ആനയെ മെരുക്കി ഭാഷ പഠിപ്പിയ്ക്കുന്നതു്. നമ്മുടെ നാട്ടിൽ ആനയെ പിടിയ്ക്കുന്ന സമ്പ്രദായമാണ് മേൽ വിവരിച്ചതു്. മൈസൂരിൽ വളരെയധികം ആളുകൾ ചേൎന്ന് ആനക്കൂട്ടങ്ങളെ ഭയപ്പെടുത്തി ഇടുക്കുവഴികളിൽക്കൂടിഓടിച്ച്, വലിയ മരവേലിയ്ക്കകത്തേയ്ക്കു കടത്തി ചീപ്പുപടി താഴ്ത്തിയടച്ച്, പിടിയ്ക്കാറുണ്ടു്. ഈ സമ്പ്രദായത്തിന്നു് “ഖെഡ്ഡാ” എന്നു പേർ പറയുന്നു.

മെരുങ്ങിയ ആന മനുഷ്യന്റെ ഉത്തമ സുഹൃത്താണ്. അതു് എത്ര പണിയെടുക്കുമെന്നോ? വാഹനങ്ങൾ പ്രവേശിയ്ക്കാത്ത കാടുകളിൽനിന്നും തടി ഇറക്കിക്കൊണ്ടുവരുന്നതു് ആനയുടെ സഹായത്താലാണ്. എഴുന്നെള്ളിപ്പിന്നും ആഘോഷങ്ങൾക്കും ആനകളെ ഉപയോഗിയ്ക്കാറുണ്ടു്. പ്രാചീനകാലത്തു്, യുദ്ധത്തിന്നും ഗതാഗതത്തിന്നും ആന ഉപകരിച്ചിരുന്നു. ആനപ്പല്ലു് ഒരു ഔഷധമാണ്. ആനക്കൊമ്പുകൊണ്ടു പല വിചിത്രസാധനങ്ങളും കൊത്തിയുണ്ടാക്കാറുണ്ടു്.

മൃഗങ്ങളിൽ വെച്ചു് ഏററവുമധികം ബുദ്ധി യുള്ളതു് ആനയ്ക്കത്രെ. ആനയുടെ കൃതജ്ഞത, പക എന്നിവയെപ്പററി പലകഥകളുമുണ്ടു്. പ്രായ പൂത്തിവന്ന കൊമ്പനാനകൾക്ക ചിലകാലങ്ങ ളിൽ മദംപൊട്ടും. ഈ കാലങ്ങളിലാണു് അവ സാധാരണമായി പിണങ്ങാറുള്ളതു്.

"അടിതെററിയാൽ ആനയും വീഴും"

പാഠം ൭

സൽസ്വഭാവം

സുലേഖ വിദ്യാലയം വിട്ടുവന്നാൽ അന്നന്നു ക്ലാസ്സിൽ നടന്ന സംഭവങ്ങളെല്ലാം അമ്മയോടു വിസ്തരിച്ചു പറയാറുണ്ടു്. ഒരു ദിവസം അവൾ സ്കൂളിൽനിന്നു വന്നു ലഘുഭക്ഷണം കഴിച്ചു ശേഷം ഇറയത്തു പോയി മൌനംപൂണ്ടു് ഇരുന്നു. അതു കണ്ടു് അമ്മ ചോദിച്ചു:—

"നിൻെറ മുഖത്തു് ഇന്നു് എന്താണു് ഒരു വ്യസനഭാവം? നീ വല്ല തെററും ചെയ്തുവോ? അദ്ധ്യാപിക നിന്നെ ശിക്ഷിയ്ക്കുകയുണ്ടായോ?"

സുലേഖ:—ഇല്ലല്ലോ

അമ്മ:—അങ്ങനെ പറഞ്ഞാൽ ഞാൻ സമ്മതിയ്ക്കുകയില്ല. ഇന്നു് എന്തോ അനിഷ്ടസംഭവം നടന്നിരിയ്ക്കണം.

സുലേഖ:—അനിഷ്ടസംഭവം ഒന്നും ഉണ്ടായില്ല. നേരെ മറിച്ച നല്ല ഒരു സംഭവമാണു് ഇന്നുണ്ടായതു്. സ്കൂളിൽ ഇന്നു് ഒരു സമ്മാനദാനം ഉണ്ടായിരുന്നു.

അമ്മ:—എന്തായിരുന്നു സമ്മാനം? ആൎക്കാണതു കിട്ടിയതു്?

സുലേഖ:—ഏററവും സൽസ്വഭാവമുള്ള വിദ്യാൎത്ഥിയ്ക്കു് ഒരു സമ്മാനം കൊടുക്കുന്നതാണെന്നു് അദ്ധ്യാപിക പറഞ്ഞിരുന്നു. ആ സമ്മാനം ഇന്നു് അബ്ദുള്ളയ്ക്കു കിട്ടി.

അമ്മ:—നമ്മുടെ അയൽവീട്ടിലെ കുട്ടിയല്ലെ അബ്ദുള്ള? അവൻ എത്ര മൎയ്യാദയുള്ള ഒരു ബാലനാണു്! ആ സമ്മാനം നിനക്കു കിട്ടാതെ അവനു ലഭിച്ചതിൽ നിനക്കു മനസ്താപമുണ്ടോ?

സുലേഖ:—അബ്ദുള്ളയ്ക്കു സമ്മാനം ലഭിച്ചതിൽ എനിയ്ക്കു് അസൂയയില്ല. പക്ഷെ, അവനാണു് അതു ലഭിയ്ക്കേണ്ടിയിരുന്നതു് എന്നു ഞാൻ

വിചാരിയ്ക്കുന്നില്ല. സൽസ്വഭാവത്തെപ്പററി പത്തു വാക്യങ്ങൾ എഴുതുവാൻ അദ്ധ്യാപിക

പറഞ്ഞു. അബ്ദുള്ളയുടെ നാലു വാക്യങ്ങളേ ശരിയായിരുന്നുള്ളു. എൻെറ പത്തു വാക്യ

ങ്ങളും ശരിയായിരുന്നു. നല്ലവണ്ണം പഠിയ്ക്കുന്ന കുട്ടികൾ നല്ലവരാണെന്നു് അദ്ധ്യാപിക പലപ്പോഴും ഞങ്ങളോടു പറയാറുണ്ടല്ലോ.

അമ്മ:—അബ്ദുള്ളയെ സമ്മാനാർഹനായി തിരഞ്ഞെടുക്കുവാനുള്ള കാരണങ്ങളെപ്പറ്റി അദ്ധ്യാപിക ഒന്നും പറഞ്ഞില്ലേ?

സുലേഖ:—പറഞ്ഞു. ഒരു ദിവസം ഉച്ചയ്ക്കു്, ഞങ്ങളെല്ലാവരും കൂടി നിലക്കടലവാങ്ങി തിന്നു. നിലക്കടലയുടെ തൊണ്ടുകൾ ക്ലാസ്സിൽ മുഴുവൻ ചിതറിക്കിടന്നിരുന്നു. അദ്ധ്യാപിക ക്ലാസ്സിൽ വന്നു്, അവിടമെല്ലാം വൃത്തികേടാക്കിയതു് ആരാണെന്നു ചോദിച്ചു. ശിക്ഷ പേടിച്ചു ഞങ്ങളാരും മറുപടി പറഞ്ഞില്ല. ഉടനെ അബ്ദുള്ള എഴുന്നേററുനിന്നു കുററം ഏററുപറഞ്ഞു. അവൻ നിലക്കടലത്തൊണ്ടു പെറുക്കിക്കളയാനും തുടങ്ങി. ഇതു കണ്ടപ്പോൾ ഞങ്ങളും ചെയ്ത തെററു സമ്മതിച്ചു.

അമ്മ:—എഴുതാനും വായിയ്ക്കാനും അബ്ദുള്ളയേക്കാൾ അധികം പരിജ്ഞാനം നിനക്കുണ്ടു്. പക്ഷെ ഭയംകൂടാതെ സത്യം പറയുവാൻ നിങ്ങളെ പഠിപ്പിച്ചതു് അവനാണു്. അതിനാൽ അവൻതന്നെയാണു് സമ്മാനാർഹൻ.

ആകട്ടെ, പിന്നെ വല്ല കാരണങ്ങളും അദ്ധ്യാപിക പ്രസ്താവിച്ചുവോ?

സുലേഖ:—ഉവ്വ്. ഇക്കൊല്ലത്തിൽ ഒരു ദിവസമെങ്കിലും അബ്ദുള്ള നേരം വൈകി ക്ലാസ്സിൽ വന്നിട്ടില്ല.

അമ്മ:—നീയും ഇവിടെനിന്നു സമയത്തിന്നു പോകാറുണ്ടല്ലോ.

സുലേഖ:—പക്ഷെ ഞാൻ ചിലപ്പോൾ കൂട്ടുകൂടി വഴിയിൽ കളിച്ചുനില്ക്കും. മണി അടിച്ചാലും ഞങ്ങൾ കളി നിൎത്തുകയില്ല. അബ്ദുള്ള ഈ കാൎയ്യത്തിൽ വലിയ കണിശക്കാരനാണ്.

അമ്മ:—കൊള്ളാം. അങ്ങനെയാണ് വേണ്ടതു്. പിന്നെ?

സുലേഖ:—അവൻ ക്ലാസ്സിൽ ഒരിയ്ക്കലും ആവശ്യമില്ലാതെ സംസാരിയ്ക്കുകയില്ല. അവൻെറ പുസ്തകങ്ങളും ഉടുപ്പും ഒരുപോലെ എന്നും വൃത്തിയായിരിയ്ക്കും.

അമ്മ:—ഇത്ര സൽസ്വഭാവിയായ അബ്ദുള്ളയ്ക്ക് ആ സമ്മാനം ലഭിച്ചതിൽ നിനക്ക സന്തോഷമില്ലേ? നീ അവനെ അനുമോദിച്ചുവോ?

സുലേഖ:—ഇല്ല. സമ്മാനം എനിയ്ക്കു ലഭിയ്ക്കാതിരുന്നതിനാൽ ഉണ്ടായ ഇച്ഛാഭംഗം നിമിത്തം ഞാൻ അവനെ അഭിനന്ദിച്ചില്ല. അബ്ദുള്ളയോടു ഞങ്ങൾക്കു് എല്ലാവർക്കും വളരെ ഇഷ്ടമാണു്. നാളെ നിശ്ചയമായും ഞാൻ അവനെ അഭിനന്ദിയ്ക്കും.

അമ്മ:—നല്ല കാര്യങ്ങൾ ചെയ്യുന്നതിൽ കാലതാമസം അരുതു്. നാം രണ്ടുപേരും ഇപ്പോൾത്തന്നെ നിന്റെ സഹപാഠിയുടെ വീട്ടിൽ പോകണം. അവന്റെ അമ്മയെ അനുമോദിയ്ക്കുവാൻ എനിയ്ക്കും ആഗ്രഹമുണ്ടു്.

അതോടുകൂടി സുലേഖയുടെ മുഖം പ്രസന്നമായി. അന്യരുടെ നന്മയിൽ സന്തോഷിയ്ക്കുന്നതു് ഒരു നല്ല ശീലമാണു് എന്നു് അവൾ പഠിയ്ക്കുകയും ചെയ്തു.



പാഠം ൩

ആരോഗ്യം

I

നിങ്ങളുടെ നെഞ്ചിൽ ഇടത്തു ഭാഗത്തു കൈവെച്ചു നോക്കുക. അടിയിൽ "ടക്, ടക്" എന്നു തുടിയ്ക്കുന്നില്ലേ? ഹൃദയം അഥവാ രക്താശയം, എന്ന അവയവത്തിൻെറ പ്രവൃത്തിയാണ് അതു്. ഹൃദയത്തിൽനിന്നു "രക്തനാഡികൾ" എന്നു പേരായ കുഴലുകൾ വഴിയായി രക്തം ശരീരത്തിലെങ്ങും സഞ്ചരിയ്ക്കുന്നു. പിന്നീടു് അതു തിരികെ ഹൃദയത്തിൽത്തന്നെ എത്തിച്ചേരുകയും ചെയ്യുന്നു.

ഇതിനിടയ്ക്കു ശരീരത്തിലെ പല മാലിന്യങ്ങളും രക്തത്തിൽക്കൂടി ശ്വാസകോശം മുതലായ അവയവങ്ങൾ വഴിയായി പുറത്തുപോകയും ചെയ്യുന്നുണ്ടു്.

നാം ശ്വസിയ്ക്കുന്ന വായുവും കുടിയ്ക്കുന്ന വെള്ളവും ശുദ്ധമായിരിയ്ക്കേണ്ടതാണു്. ശുദ്ധവായുവിനെന്നപോലെ ശുദ്ധജലത്തിനും സ്വാദോ, നിറമോ, ഗന്ധമോ ഇല്ല. നാലുഭാഗവും മതിൽ കെട്ടിയിട്ടുള്ള കിണററിലെ വെള്ളം മിക്കവാറും ശുദ്ധമായിരിയ്ക്കും. കുളങ്ങളിലേയും തോടുകളിലേയും ജലം പ്രായേണ മലിനമാകയാൽ കുടിയ്ക്കുവാൻ പററിയതല്ല. വെള്ളം തിളപ്പിച്ചാൽ അതിലുള്ള രോഗബീജങ്ങൾ നശിച്ചുപോകുന്നു. അതിനാൽ തിളപ്പിച്ചു് ആററിയ വെള്ളമാണു് കുടിയ്ക്കേണ്ടതു്.

അഴുക്കുള്ള വെള്ളം അരിച്ചു ശുദ്ധമാക്കാവുന്നതാണു്. സമുദ്രതീരപ്രദേശങ്ങളിലെ ഓർപ്പുളിയുള്ള വെള്ളം കുടിയ്ക്കുവാൻ പററിയതല്ല. ഈ പ്രദേശങ്ങളിൽ കുഴൽവഴി ശുദ്ധജലം കൊണ്ടുവരേണ്ടതാകുന്നു. കുടിയ്ക്കുവാനായി സൂക്ഷിയ്ക്കുന്ന വെള്ളം അടച്ചുവെയ്ക്കേണ്ടതാണു്. അല്ലെങ്കിൽ പ്രാണികളും പൊടിയും, അഴുക്കും വീണു് അതു് അശുദ്ധമാകാൻ ഇടയുണ്ടു്.

ഉഷ്ണമുള്ളപ്പോൾ നമ്മുടെ ശരീരം വിയക്കുന്നു. വിയപ്പുവഴി ശരീരത്തിന്നകത്തുള്ള ചില മലിനവസ്തുക്കൾ പുറത്തു വരുന്നു. ബഹിർഭാഗത്തുനിന്നും വന്നുചേരുന്ന പൊടി, ചളി, മുതലായവയും ശരീരത്തിൽനിന്നു നീക്കിക്കളയേണ്ടതാണു്. ഇതിനെല്ലാം ശുദ്ധജലസ്നാനം അത്യാവശ്യമാണു്. കുളിയ്ക്കുമ്പോൾ സോപ്പു്, ഇഞ്ച, വാക മുതലായവ ഉപയോഗിച്ചു ദേഹത്തിലെ ചളി മുഴവൻ നീക്കംചെയ്യണം. എണ്ണ തേച്ചു തിരുമ്മുന്നതുകൊണ്ടു ശരീരത്തിന്നു മാർദ്ദവവും അവയവങ്ങൾക്കു ചലനസ്വാതന്ത്ര്യവും വർദ്ധിയ്ക്കും.

കുളിയ്ക്കുന്നതുപോലെതന്നെ പ്രധാനമാണു് പല്ലു തേയ്ക്കുന്നതും. ഭക്ഷണംകഴിയുമ്പോൾ പല്ലുകൾക്കിടയിൽ പല ഭക്ഷ്യാംശങ്ങളും ഒട്ടിയിരിയ്ക്കും. അവ അപ്പോഴപ്പോൾ നീക്കിക്കളയാതിരുന്നാൽ ദുഷിച്ചു പല്ലുകളുടെ ആരോഗ്യത്തെ നശിപ്പിയ്ക്കും. ധാരാളം ശുദ്ധജലം ഉപയോഗിച്ചു് അവയെ അകററിക്കൊണ്ടിരിയ്ക്കണം. അതിന്നുപുറമെ, ഉമിക്കരി, മാവില, നല്ല പേസ്റ്റ്, വേപ്പിൻ കച്ചി എന്നിവയിലേതെങ്കിലും ഉപ

യോഗിച്ച ദിവസംതോറും പല്ല തേയ്ക്കുന്നതു് ആരോഗ്യത്തെ നിലനിൎത്തുവാൻ അത്യന്താപേക്ഷിതമാണു്.

ശരീരം എന്നപോലെതന്നെ വസ്ത്രവും നാം ശുചിയാക്കി വെയ്ക്കണം. വസ്ത്രം നല്ല വെള്ളത്തിൽ കൂടെക്കൂടെ സോപ്പിട്ട തിരുമ്മുകയും, ഇടയ്ക്കിടെ പുഴുങ്ങി അലക്കുകയും വേണം. വിദ്യാൎത്ഥികൾ തങ്ങളുടെ പുസ്തകങ്ങളും, പഠനമുറികളും, കളിസ്ഥലങ്ങളും ശുചിയായി വെയ്ക്കേണ്ടതാണു്. ശുചിത്വം സൽസ്വഭാവത്തിന്റെ ഒരു മുഖ്യഭാഗമാണു്; ആരോഗ്യത്തിന്റെയും ഐശ്വൎയ്യത്തിന്റെയും അടിസ്ഥാനവുമാണു്. ശുചിത്വം പരിപാലിയ്ക്കുന്നതിൽ ഏററവും സഹായമായിരിയ്ക്കും ശുദ്ധജലം.

പാഠം ൧

കാട്ടാളൻ

ചെമ്പിച്ച താടിയും മീശയും കേശവും
വമ്പിച്ചകൈകളിൽ വില്ലും ശരങ്ങളും

ചെമ്പരത്തിപ്പൂ കണക്കെ നേത്രങ്ങളും
അമ്പിളിപോലെ വളഞ്ഞുള്ള പല്ലുകൾ

അഞ്ജനപർവ്വതം പോലെ ശരീരവും
ഗുഞ്ജാഫലംകൊണ്ടു കോർത്തുള്ള മാലകൾ

കുഞ്ജരന്മാരുടെ കുംഭതടങ്ങളെ-
ബ്ഭഞ്ജനം ചെയ്യുങ്ങതിൽപ്പെട്ട മുത്തുകൾ

അഞ്ജസാ കുത്തിത്തുളച്ചുകോർത്തങ്ങനെ
സഞ്ജാതമായുള്ള മാലാകലാപവും

മഞ്ഞക്കുറികളും മായൂരപിഞ്ഛവും
മഞ്ചാടിമാലയും മാറിൽപ്പലതരം

ഉച്ചത്തിലുള്ളൊരു കണ്ഠനാദങ്ങളും
മെച്ചത്തിലുള്ളൊരു വീര്യഭാവങ്ങളും

കച്ചകെട്ടിച്ചില തൊങ്ങലും വാലുമി-
ട്ടത്യന്തഘോഷമാം വേഷം ഭയങ്കരം.

(കുഞ്ചൻ നമ്പ്യാർ)

സിദ്ധാത്ഥൻ

പണ്ടു് ഉത്തരേന്ത്യയിലെ "കപിലവസ്തു" എന്ന നഗരത്തിൽ സിദ്ധാത്ഥൻ എന്നു പേരായ ഒരു രാജകുമാരൻ ഉണ്ടായിരുന്നു. വ്യായാമങ്ങളിലും വിനോദങ്ങളിലും വളരെ തല്പരനായിരുന്നു സിദ്ധാത്ഥൻ. എന്നാൽ ബാല്യം മുതല്ക്കു തന്നെ സിദ്ധാത്ഥൻ എല്ലാം ജീവികളോടും അതിരററ സ്നേഹവും ദയയും പ്രദൎശിപ്പിച്ചുപോന്നു.

ഒരു ദിവസം വൈകുന്നേരം സിദ്ധാത്ഥൻ അച്ഛൻെറ കൊട്ടാരത്തിലുള്ള പൂന്തോട്ടത്തിലേയ്ക്കു് ഇറങ്ങിച്ചെന്നു. അസ്തമയസൂൎയ്യൻെറ രശ്മികഠം തട്ടി പല നിറങ്ങളിൽ തിളങ്ങുന്ന മേഘങ്ങഠം ആകാശത്തിലൂടെ മെല്ലെ നീങ്ങുന്നതും നോക്കിക്കൊണ്ടു സിദ്ധാത്ഥൻ അവിടെ ഇരിപ്പായി.

അതാ, ഒരുകൂട്ടം അരയന്നങ്ങഠം! ഹിമാലയ ശിഖരങ്ങളുടെ ഇടയിൽ തങ്ങഠം കൂടുകൂട്ടാറുള്ള സ്ഥലങ്ങളിലേയ്ക്കു പതിവുപോലെ ഈയാണ്ടിലും പറന്നുപോവുകയാണു് അവ. പരന്ന വെള്ളച്ചിറകുകഠംകൊണ്ടു നീലാകാശത്തിൽ തുഴഞ്ഞു പോകുന്ന അവ സ്നേഹത്തോടെ അന്യോന്യം വിളിച്ചുകൂവുന്നുമുണ്ടു്.

പെട്ടെന്നു് ആ കൂട്ടത്തിന്റെ നായകനായി മുമ്പിൽ പറന്നിരുന്ന അരയന്നം ചുററിത്തിരിഞ്ഞു കീഴ്പോട്ടു വീണു. കരഞ്ഞു പിടയ്ക്കുന്ന

ആ സാധുപ്പക്ഷിയുടെ അരികിലേയ്ക്കു സിദ്ധാത്ഥൻ ഓടിച്ചെന്നു. അതിൻെറ മാറിടത്തിൽ മൂച്ചയേറിയ ഒരു ശരം തറച്ചിരുന്നു. തൂവെള്ളത്തുവലുകളിൽ ചെഞ്ചോര പുരണ്ടിരുന്നു. സിദ്ധാത്ഥൻ ആ പക്ഷിയെ കരുണയോടെ തലോടി സമാധാനിപ്പിച്ചു. അതിൻെറ മാറിൽ നിന്നു ശരം മെല്ലേ ഊരിയെടുത്തു്, മുറിവിൽ ഔഷധം പുരട്ടി വേദന ശമിപ്പിച്ചു. ആ പക്ഷിയുടെ കഷ്ടപ്പാടു് എത്രത്തോളമുണ്ടെന്നു് അറിയുവാൻ ആ കൂത്ത ശരം തൻെറ കൈത്തണ്ടയിൽ തറച്ചുനോക്കി. അയ്യോ! എന്തൊരു വേദന! വെള്ളം നിറഞ്ഞ കണ്ണുകളോടുകൂടി സിദ്ധാത്ഥൻ വീണ്ടും അരയന്നത്തെ തലോടി ആശ്വസിപ്പിച്ചു.

ഹംസത്തെ അമ്പെയ്തു വീഴ്ത്തിയതു്, സിദ്ധാത്ഥൻെറ പിതൃവ്യപുത്രനായ ദേവദത്തനായിരുന്നു. താൻ വേട്ടയാടിയ പക്ഷിയെ കൊടുത്തയയ്ക്കണമെന്നു പറഞ്ഞു് ഒരാളെ സിദ്ധാത്ഥൻെറ അടുക്കലേയ്ക്കു ദേവദത്തൻ അയച്ചു. സിദ്ധാത്ഥൻെറ മറുപടി കേഠക്കണ്ടേ? "ഈ പക്ഷിയെ കൊല്ലാനാണു് ദേവദത്തൻ ശ്രമിച്ചതു്. ഞാനാകട്ടെ അതിൻെറ ജീവനെ രക്ഷിയ്ക്കുകയും ചെയ്തു. ജീവനുള്ള ഈ ഹംസത്തിൻെറ ഉടമസ്ഥൻ അതിനെ രക്ഷിച്ച ഞാനാണു്, കൊല്ലാൻ ശ്രമിച്ച

ദേവദത്തനല്ല." ഈ സംഭവത്തെപ്പററി കേട്ടവരെല്ലാം സിദ്ധാൎത്ഥനെ അനുമോദിച്ചു.

സിദ്ധാൎത്ഥനാണ് പിന്നീടു ശ്രീ ബുദ്ധദേവൻ എന്ന മതാചാൎയ്യനായതു്. ചൈന, ജപ്പാൻ, ബൎമ്മ മുതലായ രാജ്യങ്ങളിലെ അനേകം ജനങ്ങൾ ഇന്നും ബുദ്ധനെ ആരാധിച്ചുവരുന്നു. അഹിംസയാണ് അദ്ദേഹത്തിൻെറ ഉപദേശങ്ങളിൽ പ്രധാനമായതു്.

പാഠം ൯

വാഹനങ്ങൾ

അനേകം നൂററാണ്ടുകൾക്കു മുമ്പു്, മനുഷ്യർ മൃഗങ്ങളെപ്പോലെ കാൽനടയായിട്ടാണ് സഞ്ചരിച്ചിരുന്നതു്. അവർ കനമേറിയ സാധനങ്ങൾ ചുമലിലോ തലയിലോ വഹിയ്ക്കുകയോ, നിലത്തുകൂടി വലിച്ചിഴയ്ക്കുകയോ ചെയ്തുവന്നു. ക്രമേണ വിശേഷബുദ്ധിയുള്ള മനുഷ്യർ മൃഗങ്ങളെ ഇണക്കി അവയെ വാഹനങ്ങളായി ഉപയോഗിയ്ക്കുവാൻ തുടങ്ങി. ആന, കുതിര, കാള, കഴുത, പോത്തു്, ഒട്ടകം മുതലായ മൃഗങ്ങളെ ഇങ്ങനെ

വാഹനങ്ങളായി ഉപയോഗിച്ചിരുന്നു. പല്ലക്കുകളിലും മേനാവുകളിലും കേറി പ്രഭുക്കന്മാർ സഞ്ചരിച്ചിരുന്നു.

ചക്രം കണ്ടുപിടിച്ചതിനെ തുടൎന്നു്, വണ്ടികൾ ഉണ്ടായി. ഇതോടുകൂടി ഗതാഗതം വളരെ എളുപ്പമായി. വണ്ടികൾ പോകുന്നതിന്നു്







സൌകര്യമില്ലാത്ത ഇടവഴികളിൽക്കൂടിയും കുന്നുകളുംമററും കയറിയും സഞ്ചരിയ്ക്കേണ്ടിവരു മ്പോൾ രോഗികളേയും മററും കൊണ്ടുപോകാൻ മനുഷ്യർ വഹിയ്ക്കുന്ന പല്ലക്ക്, മഞ്ചൽ എന്നീ വാഹനങ്ങളും ഉപയോഗിച്ചുവന്നു. കാട്ടുകളിൽ ആനപ്പുറത്തും, മരുഭൂമികളിൽ ഒട്ടകത്തിൻെറ പുറത്തും കയറിയാണ് ആളുകൾ യാത്രചെയ്തിരു ന്നതു്.

പുഴയോ, തോടോ കടക്കുവാൻ കുതിര വണ്ടിയും കാളവണ്ടിയും മററും ഉതകുകയില്ലല്ലോ. പൊന്തിക്കിടക്കുന്ന തടികളിൽ കയറി ആദ്യ കാലത്തു്, മനുഷ്യർ വെള്ളത്തിലൂടെ സഞ്ചരിച്ചു. പിന്നെ, തടി കുഴിച്ചു തോണികളുണ്ടാക്കുവാൻ ക്രമേണ പഠിച്ചു. പലകകൾ ചേർത്തുണ്ടാക്കുന്ന കെട്ടുവള്ളങ്ങളും വലിയ പത്തേമാരികളും പിന്നീടു പണിയുവാൻ തുടങ്ങി. തണ്ടു വലിച്ചും



കഴുക്കോൽ ഊന്നിയുമാണ്, ആദ്യകാലത്തു വഞ്ചികൾ കൊണ്ടുപോയിരുന്നതു്. കാററിൻെറ





സഹായംകൊണ്ടു സഞ്ചരിയ്ക്കുന്ന പായ്ക്കപ്പലുകൾ നടപ്പിലായതു്, പിന്നെയും കുറേക്കാലം കഴിഞ്ഞിട്ടാണു്.

ആവിയുടെ ശക്തി ഉപയോഗിച്ചു യന്ത്രങ്ങൾ നടത്താമെന്നു കണ്ടുപിടിച്ചതോടുകൂടി ഗതാഗതം എളുപ്പമായി. കരയിൽ തീവണ്ടിയും കടലിൽ ആവിക്കപ്പലും നടപ്പിൽവന്നു. പായ്ക്കപ്പലിൽ ഇംഗ്ലണ്ടിൽനിന്നു് ഇന്ത്യയിലേയ്ക്കു വരുവാൻ ആറുമാസത്തിലധികം സമയം വേണ്ടിവന്നിരുന്നു. ആവിക്കപ്പലിൻെറ പ്രചാരത്തിന്നു





ശേഷം ഈ യാത്ര മൂന്നാഴ്ചകൊണ്ടു നിർവ്വഹിയ്ക്കാമെന്നായി. സമുദ്രത്തിലെ തിരമാലകളോടു എതിൎത്തു നില്ക്കുവാനുള്ള ശക്തി പായ്ക്കപ്പലിന്നു മതിയാകയില്ലല്ലോ. അതിനാൽ പണ്ടു കപ്പൽ മുങ്ങി വളരെ ആളുകൾ മരിയ്ക്കുക പതിവായിരുന്നു. ആവിക്കപ്പൽ നടപ്പിലായതോടെ കപ്പലപകടം തുലോം കുറവായിത്തീൎന്നു.



തീവണ്ടി ഓടുന്നതു പാളങ്ങളിൽക്കൂടി മാത്രമാണു്. വിദ്യുച്ഛക്തികൊണ്ടു് ഓടുന്ന ട്രാം വണ്ടിയും അങ്ങനെതന്നെ. എന്നാൽ മോട്ടോർ വണ്ടികൾക്കു പാളം ആവശ്യമില്ല. ഉറപ്പും നിരപ്പും ഉള്ള പാതകൾ മതി. അവ ഓടിയ്ക്കുന്നതു പെട്രോൾ ഒഴിച്ചിട്ടാണു്. വളരെ എളുപ്പത്തിൽ തീ പിടിയ്ക്കുന്ന ഒരുതരം എണ്ണയാണു് പെട്രോൾ.



കരി ചൂടുപിടിപ്പിച്ചു് ഉണ്ടാക്കുന്ന വാതകം കൊണ്ടു് ഓടുന്ന മോട്ടോർ വണ്ടികളും നിങ്ങൾ കണ്ടിരിയ്ക്കും.

കരയിലും കടലിലും സഞ്ചരിയ്ക്കുന്നവയ്ക്കുപുറമേ ആകാശത്തിൽ സഞ്ചരിയ്ക്കുന്ന വാഹനങ്ങളുമുണ്ടു്. ഇവയ്ക്കു വിമാനങ്ങൾ എന്നു പേർ. വിമാനം വഴിയായി മണിക്കൂറിൽ അറുന്നൂറു നാഴികയോളം വേഗത്തിൽ സഞ്ചരിയ്ക്കാം. കൊച്ചിയിൽനിന്നു തിരുവനന്തപുരത്തേയ്ക്കും കോയമ്പത്തൂരിലേയ്ക്കും പതിവായി വിമാനങ്ങൾ പോകുന്നുണ്ടെന്നു നിങ്ങൾ അറിഞ്ഞിരിയ്ക്കും. മനുഷ്യന്റെ ബുദ്ധിശക്തിയ്ക്കും സ്ഥിരപരിശ്രമത്തിന്നും ഉത്തമോദാഹരണമാണു് വിമാനം.

വെള്ളത്തിന്റെ മുകളിൽക്കൂടിയെന്നപോലെ അടിയിൽക്കൂടിയും സഞ്ചരിയ്ക്കുന്ന കപ്പലുകളുണ്ടു്. ഇവയെ "മുങ്ങിക്കപ്പലുകൾ" എന്നു വിളിയ്ക്കുന്നു. മുങ്ങിക്കപ്പലുകൾ മുഖ്യമായി യുദ്ധകാലത്താണു് ഉപകരിയ്ക്കുന്നതു്. അനേകം മണിക്കൂർനേരം ജലപ്പരപ്പിൽ പൊന്തിവരാതെ മുങ്ങിക്കിടക്കുവാൻ ഈ കപ്പലുകൾക്കു കഴിയും.

വാഹനങ്ങരം അപൂർവ്വമായിരുന്ന മുൻകാലങ്ങളിൽ മനുഷ്യർ സ്വന്തം പാൎപ്പിടങ്ങരം വിട്ടു് അധികം ദൂരം സഞ്ചരിയ്ക്കാറില്ല. . അന്നൊക്കെ കാശിയ്ക്കോ, രാമേശ്വരത്തേയ്ക്കോ തീർത്ഥയാത്ര പുറപ്പെട്ടാൽ മടങ്ങിവരുന്നവർ അധികം ഉണ്ടായിരുന്നില്ല. ഇന്നു ഭൂമിയിലെ ഏതു ഭാഗത്തും പോയി ഏതാനും ദിവസങ്ങരംക്കുള്ളിൽ മടങ്ങിവരുവാൻ നമുക്കു സാധിയ്ക്കുന്നു. വേഗമേറിയ വാഹനങ്ങരം രാജ്യങ്ങരം തമ്മിലുള്ള ദൂരം കുറയ്ക്കുകയും മനുഷ്യവർഗ്ഗങ്ങളെ പരസ്പരം അടുപ്പിയ്ക്കുകയും ചെയ്തിരിയ്ക്കുന്നു. "വാഹനങ്ങളുടെ ചരിത്രം മനുഷ്യസംസ്കാരത്തിൻെറ വളൎച്ചയുടെ ചരിത്രമാകുന്നു."

പാഠം ൧൦

വസ്ത്രം

നിങ്ങരം വസ്ത്രം ധരിയ്ക്കുന്നുണ്ടല്ലോ. ഇതെന്തിനാണു്? നഗ്നത മറയ്ക്കുകയെന്നതു പരിഷ്കാരത്തിൻെറ ഒരു ലക്ഷണമാണു്. വസ്ത്രധാരണം കൊണ്ടു വേറേയും പല ഉപയോഗങ്ങളുണ്ടു്. വല്ലാതെ തണുപ്പുതോന്നുമ്പോരം നിങ്ങരം പുതയ്ക്കാറില്ലേ? വസ്ത്രം ധരിയ്ക്കുന്നതുകൊണ്ടു നമ്മുടെ ശരീരത്തിലുള്ള ചൂടു് അധികം നഷ്ടപ്പെടാതിരി

യ്ക്കുന്നു. പുറമെ അധികം ചൂടുണ്ടെങ്കിൽ അതു ശരീരത്തിൽ നേരിട്ടു തട്ടാതിരിയ്ക്കുവാനും വസ്ത്രം ഉപകരിയ്ക്കും.

നിങ്ങളുടെ വസ്ത്രം സൂക്ഷിച്ചുനോക്കുക. അതു നൂലുകൾകൊണ്ടു നെയ്തുണ്ടാക്കിയതല്ലേ? നെയ്യുന്ന യന്ത്രത്തിന്നു 'തറി' എന്നുപേർ. നിങ്ങളിൽ ചിലരെങ്കിലും തറികൾ കണ്ടിട്ടുണ്ടായിരിയ്ക്കും. സാധാരണമായി ഗ്രാമങ്ങളിൽ കാണുന്നതു കൈത്തറികളാണു്. മനുഷ്യൻെറ ശക്തി ഉപയോഗിച്ചാണു് ഇവയിൽ വസ്ത്രങ്ങൾ നെയ്യുന്നതു്. വിദ്യുച്ഛക്തി ഉപയോഗിച്ചു നടത്തുന്ന യന്ത്രത്തറികളുമുണ്ടു്. കൈത്തറികളിലേക്കാൾ എത്രയും വേഗത്തിൽ യന്ത്രത്തറികളിൽ മുണ്ടുകൾ നെയ്തെടുക്കാം.

നൂൽ ഉണ്ടാക്കുന്നതു് എന്തിൽനിന്നാണു്? നിങ്ങളുടെ വസ്ത്രത്തിലെ നൂലു പരുത്തികൊണ്ടുണ്ടാക്കിയതാണു്. കമ്പിളികൊണ്ടും പട്ടുനാരുകൊണ്ടും ഉണ്ടാക്കിയ നൂലുകളുമുണ്ടു്. ചെമ്മരിയാടിൻെറ രോമത്തിനെയാണു് കമ്പിളി എന്നു പറയുന്നതു്. തണുപ്പുള്ള രാജ്യങ്ങളിൽ കമ്പിളിത്തുണികൾ അധികമായി ഉപയോഗിച്ചു വരുന്നു. നമ്മുടെ നാട്ടിൽ കാണുന്ന കരിമ്പടവും കമ്പിളികൊണ്ടുണ്ടാക്കിയതുതന്നെ. പട്ടു് അധികമായി

ഉണ്ടാക്കുന്നതു ഫ്രാൻസ്, ഇററലി, ചീന, ജപ്പാൻ, അമേരിയ്ക്കാ എന്നീരാജ്യങ്ങളിലാണ്.

പരുത്തികൊണ്ടു നൂലുണ്ടാക്കുന്നതു് എങ്ങനെ? അല്പം പരുത്തിയെടുത്തു പരിശോധിയ്ക്കുക. വളരെ നേർത്ത അനേകം നാരുകളായി അതു തിരിച്ചെടുക്കാം. ഈ നാരുകൾ തമ്മിൽ പിരിച്ചു ചേർത്താൽ നൂലായി. പരുത്തിനാരുകൾ പിരിച്ചു നൂലുണ്ടാക്കുന്നതിന്നു് ഉപയോഗിയ്ക്കുന്ന ഒരു



യന്ത്രമാണ് ചർക്ക. ഒഴിവുസമയങ്ങളിൽ വീടുകളിൽവെച്ചു ചർക്കയിൽ നൂൽനൂല്ക്കുന്നതു വളരെ പ്രയോജനകരമാണ്. ഒരു വീട്ടിലെ എല്ലാ അംഗങ്ങളുടെയും വസ്ത്രാവശ്യത്തിന്നുവേണ്ട നൂൽ

ഇങ്ങനെ ഒഴിവുസമയം ഉപയോഗിച്ച് ഉണ്ടാക്കുവാൻ കഴിയും. ചക്കയിൽ നൂൽനൂല്ക്കുവാൻ കഴിയാത്തവർക്ക് "തക്ലി" ഉപയോഗിക്കാം.

നാം ഉപയോഗിക്കുന്ന വസ്ത്രങ്ങൾക്കുവേണ്ട നൂൽമുഴുവൻ ചക്കയിലല്ല ഉണ്ടാക്കുന്നതു്. വിദ്യുച്ഛക്തി ഉപയോഗിച്ചു നടത്തുന്ന വലിയ നൂൽനൂല്പു യന്ത്രശാലകളുണ്ടു്. വേഗത്തിൽ വളരെയധികം നൂൽ ഇവിടങ്ങളിൽ ഉണ്ടാക്കുവാൻ കഴിയുന്നു. ഒരു യന്ത്രശാലയിൽ അനേകം ആളുകൾ പണിയെടുക്കുന്നു.

നിങ്ങളുടെ വസ്ത്രങ്ങളിൽ കരകളും കുറികളും ഉണ്ടു്. ഇല്ലേ? അവ വസ്ത്രത്തിന്നു് അഴകുണ്ടാക്കുന്നു. പരുത്തിയുടെ നിറം ഏറിയകൂറും വെള്ളയാണു്. പരുത്തിയോ, നൂലോ, നെയ്തുകഴിഞ്ഞ വസ്ത്രമോ ചായങ്ങളിൽ മുക്കിയും, തുണിയിൽത്തന്നെ ചിത്രങ്ങൾ അച്ചടിച്ചും ആണു് വസ്ത്രങ്ങളെ മോടി പിടിപ്പിക്കുന്നതു്. ഉപയോഗിക്കുന്ന വസ്തുക്കൾക്കെല്ലാം ആവുന്നേടത്തോളം ഭംഗിയും കൂടിയുണ്ടെങ്കിൽ നന്നായിരിക്കും.

പാഠം ൧൧

മഴ കണ്ട കുട്ടി

പേമഴ പെയ്യുമൊരന്തി വിളക്കത്തൊ-
രോമനക്കുട്ടനിതോതി നില്പൂ:—

"മാനത്തു മണ്ടിക്കളിയ്ക്കും കിടാങ്ങളേ!
ഞാനും വരട്ടെ കളിപ്പാൻ കൂടെ?

ചേച്ചി പിടിച്ചു പറിയ്ക്കയാലിന്നേരം
പീച്ചാങ്കുഴലെനിയ്ക്കില്ലാതായി.

ചങ്ങാതിമാർ നിങ്ങൾ പീച്ചിയ നീർത്തുള്ളി-
യിങ്ങെൻെറ മുററത്തു വിണ്ണിൽനിന്നും

പേശലകാന്തി കലർന്നതാ വീഴുന്നു
തൂശിപോലെത്രയും മിന്നി മിന്നി

തീച്ചരടൊത്തൊരു ചാട്ടവാറിങ്ങനെ
ചാച്ചുലച്ചീടുമച്ചങ്ങാതിയെ

പിച്ചിയോടിയ്ക്കും ഞാനന്തികേ പായുന്ന
കൊച്ചനുജന്മാർക്കു പേടി തീർക്കും.

ഇയ്യിറയത്തു നിന്നൊന്നു പറക്കുവാ-
നിയ്യൽച്ചിറകുമില്ലയ്യോ പാപം!

മാനത്തെ രാജാവിങ്ങെങ്ങാനുമെത്തിയാൽ
ഞാനാവിമാനത്തിൽക്കേറി നില്ക്കും.

മാനത്തു മണ്ടിക്കളിയ്ക്കും കിടാങ്ങളേ!
ഞാനും വരട്ടേ കളിപ്പാൻ കൂടെ?"

(കെ. കെ. രാജാ)

പാഠം ൧൨

ആരോഗ്യം

II

മനുഷ്യന്റെ ഏററവും വിലയേറിയ സ്വത്താണു് ആരോഗ്യം. ധനവും, ധാന്യങ്ങളും, പറമ്പും, പുരയിടങ്ങളും മററും ഉണ്ടായാലും ആരോഗ്യമില്ലെങ്കിൽ ആൎക്കും സുഖമുണ്ടാവുകയില്ല. സൂൎയ്യൻ ഉദിച്ചുയരുന്നതും, പുഷ്പങ്ങൾ വികസിയ്ക്കുന്നതും, പാററകൾ പാറിപ്പറക്കുന്നതും, നക്ഷത്രങ്ങൾ രാത്രി മിന്നിത്തിളങ്ങുന്നതും കണ്ടാനന്ദിയ്ക്കണമെങ്കിൽ കണ്ണുകൾക്കു കാഴ്ചയുണ്ടായിരിയ്ക്കണം. ഭക്ഷ്യപദാൎത്ഥങ്ങളുടെ സ്വാദും സുഗന്ധവും അനുഭവിയ്ക്കുവാൻ നാവിന്റെയും മൂക്കിന്റെയും ആരോഗ്യം അത്യാവശ്യമാണു്. നാവിന്നു് എന്തെങ്കിലും തരക്കേടുണ്ടായിരുന്നാൽ നമ്മുടെ വിചാരങ്ങൾ അന്യനെ വ്യക്തമായി പറഞ്ഞു മനസ്സിലാക്കുവാൻ സാധിയ്ക്കുകയില്ല. സ്നേഹപൂൎണ്ണങ്ങളായ വചനങ്ങളും, കിളികളുടെ കളകളങ്ങളും, മധുരഗീതങ്ങളും കേൾക്കുവാൻ ആരോഗ്യമുള്ള കൎണ്ണങ്ങൾ ആവശ്യമാണു്.

മാൎദ്ദവമുള്ള പട്ടുമെത്തയിൽ ശയിച്ചാലും രോഗിയ്ക്കു സുഖനിദ്ര ലഭിയ്ക്കുകയില്ല.

അരോഗനായ മനുഷ്യനാകട്ടെ വെറും നിലത്തു കിടന്നാലും ഗാഢനിദ്രയിൽ ലയിച്ചു വിശ്രമം അനുഭവിയ്ക്കുന്നു.

ആരോഗ്യമുള്ളവന്നു സ്വന്തം കാൎയ്യങ്ങൾ നോക്കുന്നതിന്നുപുറമെ അന്യരെ സഹായിയ്ക്കു വാൻകൂടി കഴിയും. നേരെമറിച്ചു്, രോഗി പര ന്മാൎക്കു് ഒരു ഭാരമായിത്തീരുന്നു. ജീവിതം സുഖ സമ്പൂൎണ്ണവും സഫലവും ആകുവാൻ ആരോഗ്യം അത്യാവശ്യമാണെന്നു മേൽപറഞ്ഞ സംഗതി കളിൽനിന്നു വിശദമാകുന്നുണ്ടല്ലൊ. സ്വന്തം ആരോഗ്യം സംരക്ഷിയ്ക്കുകയെന്നതു് എല്ലാവരു ടെയും ഒന്നാമത്തെ ചുമതലയാകുന്നു.

ആരോഗ്യം രക്ഷിയ്ക്കുവാനുള്ള മാൎഗ്ഗങ്ങളെ പ്പററി അനേകം ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ടു്. അവ വായിച്ചു മനസ്സിലാക്കുന്നതു നല്ലതാണു്. എന്നാൽ അതുകൊണ്ടുമാത്രം ആരോഗ്യം നേടു വാൻ സാദ്ധ്യമല്ല. ആരോഗ്യരക്ഷയ്ക്കു് ആവശ്യ മായ ജീവിതക്രമങ്ങൾ ബാല്യം മുതൽ പരിശീലി യ്ക്കേണ്ടതാണു്.

ആരോഗ്യസംരക്ഷണത്തിൽ വായു, വെള്ളം, ഭക്ഷണം എന്നിവയ്ക്കു വളരെ പ്രാധാന്യമുണ്ടു്.

വ്യായാമം, വിശ്രമം, ശുചിത്വം എന്നിവയും വിശേഷിച്ചു ശ്രദ്ധിയ്ക്കേണ്ടവയാണു്.

മഹാത്മാ ഗാന്ധി, അറുപത്തഞ്ചാമത്തെ വയസ്സിൽ ഇരുപത്തൊന്നു ദിവസം തുടച്ച്യായി നിരാഹാരവ്രതം അനുഷ്ഠിയ്ക്കുകയുണ്ടായി. ഭക്ഷണം കൂടാതെ കുറെ നാളുകൾ ജീവിച്ചിരിയ്ക്കുവാൻ നമുക്കു കഴിയും. എന്നാൽ ശ്വാസോച്ഛ്വാസം ചെയ്യുവാൻ എന്തെങ്കിലും പ്രതിബന്ധം നേരിട്ടാൽ അല്പനിമിഷങ്ങൾക്കുള്ളിൽ നാം മരിച്ചു പോകും. ഇങ്ങനെ നാം ഇടവിടാതെ ശ്വസിച്ചുകൊണ്ടിരിയ്ക്കുന്ന വായു ശുദ്ധമായിരിയ്ക്കേണ്ടതു് അത്യാവശ്യമാണു്.

വായു നമ്മുടെ നാലുഭാഗത്തും സഞ്ചരിച്ചുകൊണ്ടിരിയ്ക്കുന്നു. ഇലകൾ ഇളകുന്നതും, അലകൾ ഉയരുന്നതും, വായുവിൻെറ ചലനത്താലാണു്. ശുദ്ധവായുവിന്നു ഗന്ധമില്ല. ദുർഗ്ഗന്ധമുള്ള വായുവിൽ മാലിന്യമുണ്ടെന്നു് ഉടനെ തീരുമാനിയ്ക്കാം. വായു മലിനമാകുന്നതിന്നു പല കാരണങ്ങളുമുണ്ടു്. നാം ശ്വസിച്ചു പുറത്തേയ്ക്കു വിടുന്ന വായു അശുദ്ധമാണു്. ജനലുകളും വാതിലുകളും അടച്ച ഒരു മുറിയിൽ കുറെ ആളുകൾ കിടന്നുറങ്ങുന്നതായാൽ അതിലെവായു ക്ഷണ

ത്തിൽ മലിനമായിത്തീരും. അശുദ്ധമായ വായു ശ്വസിയ്ക്കുന്നതിനാൽ ചില രോഗങ്ങൾ ഉണ്ടാവാറുണ്ടു്. തീ കത്തുന്നതിനാലും, അഴുക്കുവെള്ളം കെട്ടിനില്ക്കുന്നതിനാലും, സാധനങ്ങൾ ചീയുന്നതിനാലും വായു ദുഷിച്ചുപോകും. അതിനാൽ നമ്മുടെ വീടും പരിസരങ്ങളും വൃത്തിയാക്കി വെച്ചുകൊണ്ടിരിയ്ക്കേണ്ടതാകുന്നു. വായുവിലെ മാലിന്യങ്ങൾ അകററുവാൻ വൃക്ഷലതാദികൾക്കു കഴിവുണ്ടു്. സൂര്യപ്രകാശം രോഗബീജങ്ങളെ നശിപ്പിയ്ക്കുന്നു. "വെളിച്ചം കടക്കാത്ത വീട്ടിൽ വൈദ്യൻ കടക്കേണ്ടിവരും" എന്ന ചൊല്ലിൽ വളരെ വാസ്തവമുണ്ടു്. വെളിച്ചമുള്ള തുറന്ന സ്ഥലങ്ങളിൽ ജോലി ചെയ്യുന്നതും വിശ്രമിയ്ക്കുന്നതും ആരോഗ്യസംരക്ഷണത്തിന്നു് ആവശ്യമാകുന്നു.

മഹാനായ അക്ബർ

നാലുശതാബ്ദങ്ങൾക്കു മുമ്പു്, ഭാരതഭൂമി ഭരിച്ചിരുന്നതു മുഗളവംശത്തിൽപ്പെട്ട ചക്രവൎത്തിമാരായിരുന്നു. ഇവരിൽ ഏററവും ബുദ്ധിമാനും പ്രസിദ്ധനമാണു് അക്ബർ. അദ്ദേഹത്തിൻെറ പിതാവായ ഹുമായൂൺ ശത്രുക്കളാൽ പരാജിതനായി, സ്വന്തം രാജ്യം വിട്ടു്, ഏറെനാൾ അന്യരാജ്യങ്ങളിൽ അലഞ്ഞുനടന്നു. ഈ സഞ്ചാരത്തിനിടയിലാണു് അക്ബർ പിറന്നതു്. രാജോചിതമായ നിലയിൽ ശിശുവിനെ വളൎത്തുവാൻ സാധിയ്ക്കാത്തതിൽ അക്ബരുടെ അമ്മയ്ക്കു വളരെ മനസ്താപമുണ്ടായി. കുറച്ചു വൎഷങ്ങൾക്കുള്ളിൽ ഹുമായൂൺ തൻെറ ഭുജബലം കൊണ്ടു ഭാരതചക്രവൎത്തിപദം വീണ്ടും കൈവശപ്പെടുത്തി. അപ്രതീക്ഷിതമായി ഹുമായൂൺ മരിച്ചതിനാൽ അക്ബർ പതിമൂന്നാമത്തെ വയസ്സിൽ സിംഹാസനാരോഹണം ചെയ്തു. അക്ബരുടെ അമ്മാമനായ ബീറാംഖാനാണു് ആദ്യകാലങ്ങളിൽ അക്ബൎക്കുവേണ്ടി രാജ്യഭരണം നടത്തിയതു്. പതിനെട്ടാമത്തെ വയസ്സിൽ അക്ബർ നേരിട്ടു രാജ്യഭരണം കൈയേററു.

അക്ബർ ചക്രവർത്തിയുടെ കീഴിൽ മുഗള സാമ്രാജ്യത്തിൻെറ വിസ്തൃതി വർദ്ധിച്ചു. വീരയോദ്ധാവായ അക്ബർ അനേകം രാജ്യങ്ങളെ പടവെട്ടിപ്പിടിച്ചാണു് തൻെറ സാമ്രാജ്യം വിപുലമാക്കിയതു്. എന്നാൽ അങ്ങനെ ചെയ്തതു കൊണ്ടല്ല അക്ബർ "മഹാൻ" എന്ന പേരിന്നു് അർഹനായിത്തീർന്നതു്. യുദ്ധത്തിൽ ജയിയ്ക്കുകയും

അന്യരാജ്യങ്ങളെ കീഴടക്കി സാമ്രാജ്യത്തിൻെറ വിസ്തൃതി വൎദ്ധിപ്പിയ്ക്കുകയും ചെയ്തിട്ടുള്ള ചക്രവൎത്തിമാർ വേറേയുമുണ്ടായിട്ടുണ്ടു്. അവരിൽ അക്‌ബറെഅതിശയിച്ചിട്ടുള്ളവരുമുണ്ടു്. എന്നാൽ "മഹാൻ" എന്ന പദം അവൎക്കാൎക്കും ഉറച്ചിട്ടില്ല. അതിനു് അക്‌ബർ അൎഹനായതെങ്ങനെ?

പല ജാതിക്കാരും പല മതക്കാരുമായ ജനങ്ങളെ തമ്മിൽ സ്നേഹവും വിശ്വാസവും കൊണ്ടു കൂട്ടിയിണക്കുവാൻ ശ്രമിച്ചതിലാണു് അക്‌ബറിൻെറ മഹത്വം മുഖ്യമായി തെളിഞ്ഞു കണ്ടതു്. അദ്ദേഹത്തിൻെറ പ്രജകളിൽ ഭൂരിഭാഗവും ഹിന്ദുമതക്കാരായിരുന്നു. ഹിന്ദുക്കളും മുസ്ലീങ്ങളും തമ്മിൽ അക്കാലത്തു കഠിനമായ അവിശ്വാസവും ശത്രുതയും ഉണ്ടായിരുന്നു. ചില മുസ്ലീം രാജാക്കന്മാർ ഹിന്ദുമതത്തിൽ വിശ്വസിയ്ക്കുന്ന പ്രജകൾക്കെല്ലാം ഒരു പ്രത്യേക നികുതി ചുമത്തിപ്പോന്നു. ഈ നികുതി അക്‌ബർ നിൎത്തൽചെയ്തു. തീൎത്ഥയാത്ര ചെയ്യുന്നതിന്നും ക്ഷേത്രങ്ങൾ നിൎമ്മിയ്ക്കുന്നതിന്നും ഹിന്ദുക്കൾക്കു വേണ്ട സഹായങ്ങൾ അദ്ദേഹം നല്കി. ധീരയോദ്ധാക്കളായ രാജപുത്രന്മാരെ അദ്ദേഹം സൈന്യാധിപരാക്കി നിയമിച്ചു. ഹിന്ദുമുസ്ലീം വിവാഹങ്ങൾക്കും സ്വയം മാതൃക കാണിച്ചു പ്രോത്സാ

ഹനം നല്കി. ഇങ്ങനെ വിഭിന്നമതസ്ഥർ തമ്മിലുള്ള ശത്രുതയ്ക്കു് അക്ബർ ശമനമുണ്ടാക്കി. വിവിധ മതങ്ങളിൽ വിശ്വസിയ്ക്കുന്നവർ പരസ്പരം ആദരിയ്ക്കുകയും സ്നേഹിയ്ക്കുകയും ചെയ്യേണ്ടതാണെന്നു് അദ്ദേഹം ഉപദേശിച്ചു. നയജ്ഞനും ബുദ്ധിമാനും ദയാശീലനുമായ അക്ബറുടെ ഭരണകാലം മുഗളസാമ്രാജ്യത്തിൻെറ ശുക്രദശയായിരുന്നു എന്നു പറയാം.

അറുപതാമത്തെ വയസ്സിൽ അക്ബർ പരലോകം പ്രാപിച്ചു. അദ്ദേഹത്തിൻെറ ദീർഘകാലത്തെ ഭരണം ഇന്ത്യയിൽ സമാധാനവും സമൃദ്ധിയും ഉളവാക്കി. അക്ബറുടെ സ്വഭാവഗുണംകൊണ്ടാണു് അദ്ദേഹത്തിൻെറ വാഴ്ച ഇത്രയും ജനപ്രിയമായതു്. അദ്ദേഹത്തെ "മഹാൻ" എന്നു വിളിയ്ക്കുന്നതു് ഏററവും ഉചിതമല്ലയോ?

പാഠം ൧൪

കാററും കതിരവനും

കാററും സൂൎയ്യനും തമ്മിൽ ഒരിയ്ക്കൽ ഒരു വലിയ മത്സരമുണ്ടായി. അവരിൽ ആരാണ് കൂടുതൽ ശക്തിയുള്ളതു് എന്നായിരുന്നു വാദ വിഷയം. വാദത്തിനിടയിൽ ചൂടും ശബ്ദവും വളരെ മുഴുത്തു. ഒടുവിൽ അവർ നിശ്ചയിച്ചു, ഇങ്ങനെ കേവലം തൎക്കിച്ചുകൊണ്ടിരുന്നിട്ടു ഫല മൊന്നുമില്ലെന്നു്. ഏതെങ്കിലുമൊരു നിശ്ചിത കാൎയ്യം ചെയ്യുന്നതിൽ ആരാണു് ജയിയ്ക്കുക എന്നൊന്നു പരീക്ഷിച്ചുനോക്കുവാൻ അവർ തീൎച്ചയാക്കി.

അപ്പോഴേയ്ക്കുമുണ്ടു് ഒരാൾ മൂടിപ്പുതച്ചു വഴി യിൽക്കൂടെ നടന്നുപോകുന്നു. അയാളുടെ പുതപ്പു് അഴിച്ചു നീക്കണം. അതു് ആരാണു് സാധിയ്ക്കുക? സൂൎയ്യനോ കാററിനോ? നോക്കാമല്ലോ.

ശബ്ദ്ദോടുകൂടി കാററു തൻെറ ബലം പരീക്ഷി യ്ക്കുവാൻ ആദ്യംമുന്നോട്ടിറങ്ങി. വഴിപോക്കൻെറ പുതപ്പിന്മേൽ ശക്തിയോടെ അടിച്ചടിച്ചു് അതു പറപ്പിയ്ക്കുവാനായിരുന്നു കാററിൻെറ ശ്രമം. കാററൂതുന്തോറും തണുപ്പുകൂടുമല്ലോ. അതിനാൽ കാററിൻെറ അടിയ്ക്കു ശക്തി കൂടുന്തോറും, പുതപ്പു

മുറുക്കിപ്പിടിച്ച്, ദേഹത്തോട് അടുപ്പിയ്ക്കുകയാണ് വഴിപോക്കൻ ചെയ്തത്. കാററടിച്ച് ആരം തന്നെ നിലം പതിയ്ക്കുമോ എന്നു ഭയപ്പെട്ടു പോയി. അത്രത്തോളം വാശിയും കോപവും കാററിന്നു വദ്ധിച്ചു. പക്ഷെ ഉദ്ദേശിച്ചതിന്നു വിപരീതമായി ഫലം! തണുത്തുവിറച്ച പാന്ഥൻ പുതപ്പിന്മേൽ പിടി മുറുക്കി!

"തോററു ഞാൻ. ശരി. സമ്മതിച്ചു"— എന്നിങ്ങനെ തൻെറ പരാജയം കാററിന് ഏററു പറയേണ്ടതായി വന്നു. ബലം പ്രയോഗിച്ചതു കൊണ്ടു ഫലമില്ലെന്നു തെളിയുകയും ചെയ്തു.

"ഇനി ഞാനൊന്നു നോക്കട്ടെ"— എന്നായി സൂയ്യൻ. അദ്ദേഹത്തിൻെറ വഴി വേറെയായിരുന്നു. ഇളംചൂടേല്പിയ്ക്കുന്ന കരങ്ങളും പുഞ്ചിരി പൊഴിയ്ക്കുന്ന മുഖഭാവവും കൊണ്ടായിരുന്നു അദ്ദേഹത്തിൻെറ പുറപ്പാട്. സവ്വത്ര പ്രീതി നൽകുകയായിരുന്നു അദ്ദേഹത്തിൻെറ നയം.

കരിമുകിലുകൾ ഒഴിഞ്ഞു; ആകാശമാകെ തെളിഞ്ഞു; സൂയ്യൻെറ കരങ്ങൾ പാന്ഥൻെറ മേൽ ആദ്യത്തേക്കാളധികം വിശദമായി പതിഞ്ഞു. അപ്പോൾ അയാൾ ഇങ്ങനെ പറഞ്ഞു:— "ഇനി ഈ പുതപ്പ് ഇത്ര മുറുക്കിപ്പിടിയ്ക്കേണ്ട ആവശ്യമില്ല. കാററിൻെറ ഉഊക്കു കുറഞ്ഞതു

പോലെ തോന്നുന്നു. കുറച്ചു മുമ്പുണ്ടായിരുന്ന തണുപ്പ് ഇപ്പോഠം ഇല്ല. ആവൂ! എന്തു സുഖം, സൂൎയ്യനെ ഒന്നു കണ്ടപ്പോഠം!"

ക്രമേണ ചൂടു കൂടിത്തുടങ്ങി. ഗതിവേഗം കൂടുന്തോറും അയാഠംക്ക് ഉഷ്ണാധിക്യം അനുഭവപ്പെട്ടു. ഒടുവിൽ ഉഷ്ണം സഹിയ്ക്കുവയ്യാതായപ്പോഠം, അയാഠം തന്റെ പുതപ്പു ദേഹത്തിൽനിന്നെടുത്തുമാററി, മടക്കി, കൈത്തണ്ടമേലിട്ടു. അങ്ങനെ സൂൎയ്യൻ തന്റെ നയവിശേഷത്തിന്റെ ഫലമായി പാന്ഥനെക്കൊണ്ടു പുതപ്പഴിച്ചു നീക്കിച്ചു; മത്സരത്തിൽ ജയിയ്ക്കുകയും ചെയ്തു.

പിന്നെ, കാററിനോടു സൂൎയ്യൻ ഇപ്രകാരം പറഞ്ഞു:— "അല്ലയോ പ്രഭഞ്ജന! താങ്കഠം അടിയുടെ ശക്തികൊണ്ട് ഉദ്ദേശം സാധിയ്ക്കാമെന്നു വിചാരിച്ചതു് അബദ്ധമായില്ലേ? കേവലം ബലംകൊണ്ടു സാധിയ്ക്കാത്തതു മൃദുലവും ശാന്തവുമായ മാൎഗ്ഗംകൊണ്ടു സാധിയ്ക്കാമെന്നു് ഇപ്പോഠം സ്പഷ്ടമായോ?"

പാഠം ൧൫

ഒരു ഭീരു

തേരിൽ കേറുക വിപ്രാ! താനിനി,
നേരംപോക്കു പറഞ്ഞുഗമിയ്ക്കാം;

തേരിൽ നമുക്കു കരേറുക വിഷമം,
തേരിൽ നടന്നൊരു പരിചയമില്ല;

നമ്മുടെ പാണിപിടിച്ചു കരേറുക
സമ്മതമെങ്കിലതങ്ങനെ ചെയ്യാം;

തേരിഹ തെരുതെരെയോട്ടുന്നേരം
തേരിലുറച്ചിഹ നില്പാൻ വിഷമം;

കൊടിമരമാശു പിടിച്ചു മുറുക്കി-
പ്പടിമേൽവന്നു വസിയ്ക്കരുതായോ?

കൊടിമരമിളകി മുറിഞ്ഞെന്നാകിൽ
പ്പൊടിയാമെന്നുടെ ദേഹമശേഷം;

മരണഭയം പുനരെന്തിനു വിപ്രാ?
നരനു വിനാശം നിശ്ചയമല്ലോ;

പത്തുപണത്തിനു മുതലില്ലാതെ
ചത്തുമറിഞ്ഞാലെന്തിനു കൊള്ളാം;

ചത്തമനുഷ്യനു വിത്തംകൊണ്ടൊരു
കൃത്യമതുണ്ടോ പൃത്ഥ്വീദേവ!

(കുഞ്ചൻ നമ്പ്യാർ)

പാഠം ൧൩

നെൽക്കൃഷി

ഇന്ത്യ, ചൈന, ജപ്പാൻ മുതലായ രാജ്യങ്ങളിലെ ജനങ്ങളുടെ പ്രധാനഭക്ഷണം അരിയാണു്. അരികിട്ടുന്നതു നെല്ലിൽനിന്നാണെന്നു നിങ്ങൾക്കറിയാം. എങ്ങനെയാണു് നെല്ലു് കൃഷി ചെയ്യുന്നതെന്നു നിങ്ങൾ ആലോചിച്ചിട്ടുണ്ടോ? ഗ്രാമീണരെ അപേക്ഷിച്ചു നഗരവാസികൾക്കു കൃഷിസംബന്ധിച്ചിട്ടുള്ള പരിജ്ഞാനം തുലോം കുറവായിരിയ്ക്കും.

ഉഷ്ണമേഖലയിലെ പ്രധാനമായ ഒരു വിളവാണു നെല്ലു്. നെൽക്കൃഷിയ്ക്കു ധാരാളംവെള്ളവും നല്ല വെയിലും വേണം. മഴ കുറവായ രാജ്യങ്ങളിലോ ശൈത്യാധിക്യമുള്ള പ്രദേശങ്ങളിലോ നെല്ലു വളരുകയില്ല. നെല്ലു കൃഷി ചെയ്യുന്നതു പ്രധാനമായും പാടങ്ങളിലാണു്. ആണ്ടിൽ ഒന്നും, രണ്ടും, അപൂർവ്വമായി മൂന്നും, തവണ വിളവെടുക്കാവുന്ന നിലങ്ങളുണ്ടു്. മണ്ണിന്റെ വളക്കൂറും, ജലസൌകര്യവും വിത്തിന്റെ നന്മയും അനുസരിച്ചിരിയ്ക്കും കൃഷിയുടെ ഗുണം. വേനൽക്കാലത്തു്, വയലുകൾ വെയിലേററു വരണ്ടു വിണ്ടുകിടക്കും. പുതുമഴപെയ്താൽ ഉടൻ



കർഷകന്മാർ നിലം ഉഴുതു കട്ടയുടയ്ക്കുന്നു. നമ്മുടെ നാട്ടിൽ മരംകൊണ്ടുള്ള കലപ്പയാണു് ഉഴവാൻ ഉപയോഗിയ്ക്കുന്നതു്. ചിലസ്ഥലങ്ങളിൽ ഇരുമ്പു കലപ്പകളും ഉപയോഗിയ്ക്കാറുണ്ടു്. ഉഴുതു് ഉലഞ്ഞമണ്ണിൽ വെണ്ണീറു്, ചാണകം, പച്ചില മുതലായ വളങ്ങൾ ചേർത്തു വീണ്ടും ഉഴുതു നിരത്തുന്നു. അതിനുശേഷമാണു് വിത്തു വിതയ്ക്കുന്നതു്. പടിഞ്ഞാറൻ കായലോരങ്ങളിൽ തടമെടുത്തു വിത്തിടുന്ന പതിവുമുണ്ടു്.

വിതച്ചു്, മൂന്നു നാലു ദിവസംകൊണ്ടു നെല്ലു മുളയ്ക്കും. അക്കാലത്തു് ഇടയ്ക്കിടെ മഴ

കിട്ടണം. പത്തിരുപതു ദിവസംകൊണ്ടു നെൽച്ചെടികൾ ഒരു ചാൺ ഉയരത്തിൽ വളരും. ഈ പ്രായത്തിലുള്ള നെൽച്ചെടികൾക്കു "ഞാറു്" എന്നു പേർ. വളരുന്ന ഞാറിൻെറ കടയ്ക്കൽ ധാരാളമായി വെള്ളം കെട്ടിനിൽക്കണം. മഴയില്ലെങ്കിൽ പുഴകളിൽനിന്നും തോടുകളിൽനിന്നും വെള്ളം തിരിച്ചുകൊണ്ടുപോയി കൃഷി നടത്താറുണ്ടു്.

ഞാറുകളുടെ ഇടയിൽ പലതരം പുല്ലുകളും ചെടികളും മുളച്ചുനിൽക്കുന്നുണ്ടാവും. അവയെ "കളകൾ" എന്നുപറയുന്നു. കളകൾ വളമെല്ലാം

വലിച്ചെടുത്തു നെല്ലിന്റെ വളൎച്ച തടയും. അതിനാൽ കള പറിച്ചുകളയുവാൻ കൃഷിക്കാർ അമാന്തിയ്ക്കാറില്ല.

മിക്കവാറും വിതച്ചു മൂന്നുമാസം തികഞ്ഞാൽ നെൽച്ചെടി കതിരിടും. കതിർ പുറപ്പെട്ടു രണ്ടാഴ്ച കഴിഞ്ഞു നെന്മണികൾ പരിശോധിച്ചാൽ അവയ്ക്കുള്ളിൽ പാൽപോലെ ഒരു ദ്രാവകം കാണാം. ഈ പദാൎത്ഥമാണ് ക്രമേണ ഉറച്ച് അരിയായിത്തീരുന്നതു്. പാലുറയ്ക്കുംമുമ്പ്, ചില തരം പ്രാണികൾ കതിരുകൾ കേടുവരുത്താറുണ്ടു്. ഈ പ്രാണികൾക്കു "ചാഴികൾ" എന്നു പേർ. കൃഷിക്കാർ മുറംവീശിയും മററും ചാഴികളെ പിടിച്ചു നശിപ്പിയ്ക്കാറുണ്ടു്.

വിത്തിട്ടു നാലുമാസം കൊണ്ടു്, നെല്ലു വിളഞ്ഞു കൊയ്ത്തിന്നുള്ള സമയമാകും. വിളവിന്നു് ഇത്രയും കാലദൈൎഘ്യം ഇല്ലാത്ത വിത്തുകളും ഉണ്ടു്. വിളഞ്ഞുപഴുത്തനെല്ലു് അരിവാൾ കൊണ്ടുകൊയ്തു കററകളാക്കികെട്ടി കളത്തിലേയ്ക്കു കൊണ്ടുപോകുന്നു. കൊയ്ത്തുകാലം നാട്ടിൻപുറത്തു് ഒരുത്സവം തന്നേയാണ്. കററകൾ ചവിട്ടി മെതിച്ചു നെല്ലും വയ്ക്കോലും വേർതിരിയ്ക്കുന്നു.

•

നെല്ലിൻെറ പുറംതൊലിയായ ഉമിയും തവിടുംനീക്കി വേവിച്ചാൽ നാം സാധാരണ ഭക്ഷിയ്ക്കുന്ന ചോറായി. തുമ്പപ്പൂപോലെ വെളുത്ത ചോറു പച്ചനിറത്തിലുള്ള വലിയ വാഴയില യിൽ വിളമ്പി ഉണ്ണുവാൻ കേരളീയക്കു വളരെ ഇഷ്ടമാണു്. പക്ഷെ - തവിടുമുഴവൻ കളയാത്ത അരിയിലാണു് പോഷകാംശങ്ങളുള്ളതു്. നമുക്കു് അന്നം ലഭിയ്ക്കുന്നതു് എത്ര വളരെ കഷ്കന്മാർ വെയിലും മഴയും സഹിച്ചു വേലചെയ്യുന്ന തിൻെറ ഫലമായിട്ടാണെന്നു് ഒന്നാലോചിച്ചു നോക്കുക.

ഇന്ത്യ ഇന്നു കൃഷിപ്രധാനമായ ഒരു രാജ്യ മാണു്. ഭാരതീയരിൽ ഭൂരിപക്ഷവും കൃഷീവലന്മാ രാണു്. കൃഷിയുടെ അഭിവൃദ്ധിയിലാണു് നമ്മുടെ രാജ്യത്തിൻെറ ക്ഷേമം സ്ഥിതിചെയ്യുന്നതു്. അതു കൊണ്ടു് അഭ്യസ്തവിദ്യരായ ജനങ്ങൾ കഷ്ക വൃത്തിയിൽ ഏപ്പെടേണ്ടതാണു്.

പാഠം ൧൦

കുഞ്ചൻ നമ്പ്യാർ

നിങ്ങൾ ഓട്ടൻതുള്ളൽ കണ്ടിട്ടുണ്ടോ? തുള്ളൽ ആദ്യമായി നടപ്പാക്കിയതു കലക്കത്തു കുഞ്ചൻ നമ്പ്യാരാണ്. ഏകദേശം ഇരുന്നൂററമ്പതു കൊല്ലം മുമ്പാണ് ഈ മഹാൻ ജനിച്ചതു തിരുവില്വാമലയ്ക്കടുത്തുള്ള "കിള്ളിക്കുറിശ്ശി മംഗലം" എന്ന സ്ഥലത്താണ് നമ്പ്യാരുടെ തറവാട്.

നമ്പ്യാർ ചെമ്പകശ്ശേരി രാജാവിനെ ആശ്രയിച്ച് അമ്പലപ്പുഴെ താമസിച്ചിരുന്നു. അവിടെ വെച്ചാണ് "തുള്ളൽ" എന്ന വിനോദരീതി അദ്ദേഹം നടപ്പാക്കിയതു്. തുള്ളൽപ്പാട്ടുകൾ എഴുതുക മാത്രമല്ല വേഷംകെട്ടി അരങ്ങത്തുവന്നു പാട്ടുപാടി നൃത്തംവെയ്ക്കുകയും അദ്ദേഹം ചെയ്തിരുന്നു. നമ്പ്യാർ എഴുതിയ പാട്ടുകൾ പാടിക്കേൾപ്പാൻ എന്തു രസമുണ്ടെന്നോ! തുള്ളൽ തുടങ്ങിയാൽ കഴിയുന്നതുവരെ അവിടെനിന്ന് എഴുന്നേററു പോരാൻ തോന്നുകയില്ല. നല്ല തമാശയാണ്. ആർക്കും കേട്ടാൽ മനസ്സിലാകും. അതിനാൽ കുറച്ചു കാലത്തിനുള്ളിൽ തുള്ളലിനു കേരളത്തിൽ മുഴുവൻ പ്രചാരം ലഭിച്ചു. നമ്പ്യാർക്ക് അനവധി

ശിഷ്യന്മാരുണ്ടായി. അവർ നമ്പ്യാരുടെ തുള്ളൽ പ്പാട്ടുകൾ പഠിച്ചു പല സ്ഥലത്തും ചെന്നു ചൊല്ലിക്കേൾപ്പിച്ചു.



അക്കാലത്തു് അധികം ആളുകൾക്കു് എഴുത്തും വായനയും അറിഞ്ഞുകൂടായിരുന്നു. അതിനാൽ നല്ല പുസ്തകങ്ങൾ വായിച്ചു കാൎയ്യങ്ങൾ ഗ്രഹിയ്ക്കുവാൻ അവൎക്കു സാധിച്ചിരുന്നില്ല. മലയാളത്തിൽ പുസ്തകങ്ങൾ വളരെ കുറവായിരുന്നു. അച്ചടി പ്രചാരത്തിൽ വന്നിട്ടുണ്ടായിരുന്നില്ല. അതുകൊണ്ടു് അക്ഷരാഭ്യാസമുള്ളവൎക്കുതന്നെ

ഗ്രന്ഥങ്ങൾ വായിച്ച് മനോവികാസം നേടുവാൻ വളരെ ബുദ്ധിമുട്ടായിരുന്നു. ഇത്തരം ആളുകൾക്കു തുള്ളലുകൾ വിശേഷിച്ചും ഉപകാരമായി. നമ്പ്യാരുടെ കൃതികൾ ഒരിയ്ക്കൽ കേട്ടാൽ മനസ്സിൽ പതിയും. പിന്നെ ഒരിയ്ക്കലും മറക്കുകയില്ല. പുരാണങ്ങളിലെ കഥകൾ മുഴുവൻ അവയിലൂടെ മനസ്സിലാക്കാം. ഉത്തമജീവിതം നയിയ്ക്കുന്നതിന്നു് ഉപകരിയ്ക്കുന്ന ഉപദേശങ്ങൾ അവയിൽ അടങ്ങിയിരിയ്ക്കുന്നു. അതിനുംപുറമെ, അക്കാലത്തു നടപ്പുണ്ടായിരുന്ന ദുഷിച്ച ആചാരങ്ങളെ അവയിൽ സ്പഷ്ടമായി കളിയാക്കിയിട്ടുമുണ്ടു്. അധികാരഗർവ്വം നടിയ്ക്കുന്ന ഉദ്യോഗസ്ഥന്മാർ, കൈക്കൂലിക്കാർ, ഏഷണിക്കാർ, പണക്കൊതിയന്മാർ മുതലായവർക്കു് ഒരു തുള്ളൽ കണ്ടാൽ പിന്നെ കുറെ ദിവസത്തേയ്ക്കു തലയുയർത്തി നടക്കുവാൻ സാധിയ്ക്കുകയില്ല. തങ്ങളുടെ ദുസ്സ്വഭാവങ്ങൾ മാററുവാൻ അവർ തന്നത്താൻ ഉറയ്ക്കാതിരിയ്ക്കയില്ല. വിജ്ഞാനവും വിനോദവും ഒരുമിച്ചു നല്കുന്നവയാണു് നമ്പ്യാരുടെ കൃതികൾ.

മലയാളികൾക്കു് അഭിമാനിയ്ക്കാവുന്ന രണ്ടു മഹാകവികളാണു് തുഞ്ചത്തെഴുത്തച്ഛനും കുഞ്ചൻ നമ്പ്യാരും. എഴുത്തച്ഛൻ ഭക്തനായ ഒരു പുണ്യാ

ത്മാവായിരുന്നു. നമ്പ്യാരാകട്ടെ, രസികനായ ഒരു ലൌകികപുരുഷനും. നിങ്ങൾ ഇവരുടെ കൃതികൾ വായിച്ചു മനസ്സിലാക്കുവാൻ ശ്രമിയ്ക്കേണ്ടതാണു്.

പാഠം ൧൫

കൊച്ചുരാമൻ

കൊച്ചുരാമൻ എന്നു പേരായ ഒരു ഗ്രാമീണബാലന്നു് ആടുമേയ്ക്കലായിരുന്നു ജോലി. ഒരു ദിവസം അവൻ മരങ്ങൾ ഇടതൂൎന്നു വളൎന്നു നില്ക്കുന്ന ഒരു വനത്തിന്നരികെ ആടുകളെ തീററിക്കൊണ്ടിരിയ്ക്കുകയായിരുന്നു. പെട്ടെന്നു് ഒരു കുതിരയുടെ കുളമ്പടിയൊച്ച കേട്ടു് അവൻ ആ ഒച്ച പുറപ്പെടുന്ന സ്ഥലത്തേയ്ക്കു നോക്കി. കൈയിൽ തോക്കേന്തിയ അശ്വാരൂഢനായ ഒരു വേട്ടക്കാരൻ അവന്റെ അരികിലേയ്ക്കു വരികയാണു്. കുറെ ദൂരെനിന്നും അയാൾ വിളിച്ചു ചോദിച്ചു:—"ഇവിടെനിന്നു ഗ്രാമത്തിലേയ്ക്കു് എത്ര നാഴിക ദൂരമുണ്ടു്?"



കൊച്ചുരാമൻ:—ഏകദേശം ആറ നാഴിക കാണും.

വേട്ടക്കാരൻ:—അങ്ങോട്ടു പോകുവാനുള്ള വഴി ഏതാണു്?

കൊച്ചുരാമൻ:—ഗ്രാമത്തിലേയ്ക്കു നല്ല നിരത്തു് ഇല്ല. ഒററയടിപ്പാതയേ ഉള്ളു. പരിചയമില്ലാത്തവൎക്കു വഴി പിഴയ്ക്കുവാൻ എളുപ്പമുണ്ടു്.

വേട്ടക്കാരൻ:—നിനക്കു് ഇവിടെ സഞ്ചരിച്ചു ശീലമുണ്ടല്ലോ. വാ; ഗ്രാമത്തിലേയ്ക്കുള്ള വഴി കാണിച്ചുതാ; ഞാൻ നിനക്കു നല്ല പ്രതിഫലം തരാം.

കൊച്ചുരാമൻ:—നിവൃത്തിയില്ല. ഈ ആട്ടിൻ കുട്ടങ്ങളെ ഇവിടെ വിട്ടു പോയാൽ അവ അലഞ്ഞു കാടുകേറും. നരിയോ, ചെന്നായയോ അവയെ കൊന്നു തിന്നേക്കാം. ആടുകളെ നോക്കുവാനാണല്ലോ എന്നെ നിയമിച്ചിട്ടുള്ളതു്.

വേട്ടക്കാരൻ:—ഒന്നോ രണ്ടോ ആട്ടിൻകിടാങ്ങൾ നഷ്ടപ്പെട്ടാൽ തന്നെ എന്താണു്? ഞാൻ അവയുടെ വിലയുടെ പത്തിരട്ടി തരാമല്ലോ. നിൻെറ ഒരു കൊല്ലത്തെ പ്രയത്നത്തിന്നു ലഭിയ്ക്കുന്ന പ്രതിഫലം ഇന്നു് ഒരു ദിവസത്തെ കൂലിയായി നിനക്കു കിട്ടും. അതു പോരെ?

കൊച്ചുരാമൻ:—അവിടന്നു മുഷിയരുതു്. ഒരു നിമിഷമെങ്കിലും ആടുകളെ തനിയെ വിട്ടു പോകരുതെന്നു് എജമാനൻ എന്നോടു പ്രത്യേകം ആജ്ഞാപിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ ആജ്ഞ ലംഘിയ്ക്കുന്നതു വിശ്വാസവഞ്ചന ആയിരിയ്ക്കും.

വേട്ടക്കാരൻ:—എന്നാൽ നീ പോയി വേറെ ആരെയെങ്കിലും വിളിച്ചുകൊണ്ടുവന്നു് എന്റെ കൂടെ അയയ്ക്കണം. നീ തിരിച്ചുവരുംവരെ ഞാൻ ഈ ആടുകളെ രക്ഷിച്ചുകൊള്ളാം

കൊച്ചുരാമൻ:—അതും പ്രയാസമാണു്. പരിചയമില്ലാത്ത ശബ്ദം കേട്ടാൽ ആടുകൾ പരിഭ്രമിച്ചു് ഓടുകയേ ഉള്ളു.

വേട്ടക്കാരൻ:—ഇതു വലിയ വിഷമമായല്ലോ. നിനക്കു് എന്നെ വിശ്വാസമില്ലേ?

കൊച്ചുരാമൻ:—ഇല്ലെന്നു ഞാൻ പറഞ്ഞാൽ തെറ്റിദ്ധരിയ്ക്കരുതു്. എന്റെ എജമാനനോടു ഞാൻ ചെയ്ത പ്രതിജ്ഞ ലംഘിയ്ക്കുവാൻ അവിടന്നു് എന്നെ പ്രേരിപ്പിയ്ക്കുകയല്ലേ? ആ സ്ഥിതിയ്ക്കു് എന്നോടു പറയുന്നപോലെ അവിടന്നു പ്രവൎത്തിയ്ക്കുമെന്നു ഞാൻ എങ്ങനെ വിശ്വസിയ്ക്കും? സത്യവ്യവസ്ഥയുള്ള ഒരാൾ

അന്യനെ സത്യലംഘനത്തിനു പ്രേരിപ്പിയ്ക്കുകയില്ല.

വേട്ടക്കാരൻ:—നീ മിടുക്കൻ തന്നെ. നിന്നെപ്പോലെ വിശ്വസ്തരായ വേലക്കാരെ ലഭിയ്ക്കുന്നതു വലിയ ഭാഗ്യമാണ്. ഞാൻ നിന്നെ ബുദ്ധിമുട്ടിയ്ക്കുന്നില്ല. എങ്ങനെയെങ്കിലും ഞാൻ ഗ്രാമത്തിലെത്തിക്കൊള്ളാം.

ഇപ്രകാരം പറഞ്ഞ് അയാൾ അവിടെ നിന്നു യാത്രയായി. കുറച്ചു നേരം കഴിഞ്ഞു. അശ്വാരൂഢരായ ഏതാനുംപേർ വീണ്ടും ആ സ്ഥലത്ത് എത്തിച്ചേർന്നു. അവരിൽ ഒരാൾ കൊച്ചുരാമനോടു വിളിച്ചു ചോദിച്ചു:—"കുഞ്ഞേ, ഞങ്ങളുടെ കൂടെ രാജകുമാരൻ വേട്ടയാടുവാൻ വന്നിരുന്നു. കുറച്ചു സമയം മുമ്പ് അദ്ദേഹം ഒററ തിരിഞ്ഞു പോയി. നീ അദ്ദേഹത്തെ കാണുകയുണ്ടായോ?"

തന്നോടു സഹായമഭ്യർത്ഥിച്ച വേട്ടക്കാരൻ രാജകുമാരനായിരുന്നു എന്ന് അപ്പോഴാണ് കൊച്ചുരാമനു മനസ്സിലായത്. അദ്ദേഹത്തിൻെറ അപേക്ഷ നിരസിച്ചതിന് തനിക്കു ശിക്ഷ ലഭിയ്ക്കുമോ എന്ന് അവൻ ഭയപ്പെട്ടു. അദ്ദേഹം പോയ വഴി അവൻ അവക്കു കാണിച്ചുകൊടുത്തു.

കുറച്ചു ദിവസങ്ങൾ കഴിഞ്ഞു് ഒരു രാജദൂതൻ കൊച്ചുരാമൻെറ വീട്ടിൽ വന്നു. "നിന്നെ ഉടനെ കൂട്ടിക്കൊണ്ടുചെല്ലണമെന്നു രാജകുമാരൻ കല്പനയായിരിയ്ക്കുന്നു. ഈ നിമിഷത്തിൽ പുറപ്പെടണം" എന്നു് അയാൾ അവനോടു പറഞ്ഞു.

അനുസരണക്കേടിന്നുള്ള ശിക്ഷ നല്കാനായിരിയ്ക്കണം രാജകുമാരൻ തന്നെ വിളിപ്പിച്ചതെന്നു കൊച്ചുരാമൻ കരുതി. എങ്കിലും അവൻ ധൈര്യപൂർവ്വം രാജദൂതൻെറ കൂടെ ഇറങ്ങിത്തിരിച്ചു. താൻ ഒരു തെററും ചെയ്തിട്ടില്ലെന്ന വിശ്വാസം അവന്നു സമാധാനം നല്കി.

രാജധാനിയിൽ ചെന്നഉടനെ രാജകുമാരൻ അവനെ വിളിച്ചു വിലയേറിയ പല സമ്മാനങ്ങളും നല്കി. പിന്നീടു് അദ്ദേഹം പറഞ്ഞു:— "കൊച്ചുരാമാ, നിൻെറ വിശ്വസ്തതയും കർത്തവ്യബോധവും കണ്ടു ഞാൻ സന്തോഷിച്ചിരിയ്ക്കുന്നു. എൻെറ സേവകനായി ഇവിടെ താമസിയ്ക്കുവാൻ നിനക്കു് ഇഷ്ടമുണ്ടോ?"

കൊച്ചുരാമൻ:—തിരുമേനി, ഞാൻ ഈ ജോലി പെട്ടെന്നു ഉപേക്ഷിച്ചാൽ എൻെറ യജമാനന്നു വളരെ ബുദ്ധിമുട്ടായിത്തീരും. മറെറാരു

മേച്ചിൽക്കാരനെ അദ്ദേഹത്തിനു ലഭിച്ചാലുടൻ ഞാൻ അങ്ങയുടെ ആശ്രിതനായിക്കൊള്ളാം.

ഈ മറുപടി കേട്ട രാജകുമാരൻ വളരെ സന്തോഷിച്ചു. ഏതാനും ദിവസങ്ങൾക്കുശേഷം കൊച്ചുരാമൻ തൻെറ യജമാനനോട്ടു യാത്ര പറഞ്ഞു രാജധാനിയിൽ എത്തിച്ചേൎന്നു. സ്വന്തം സദ്ഗുണങ്ങൾ നിമിത്തം ജീവിതത്തിൽ പല ഉന്നത പദവികളും നേടുവാൻ കൊച്ചുരാമനു കഴിഞ്ഞു.

പാഠം ൨൯

അമ്പിളി

തുമ്പപ്പൂവിലും തൂമയെഴും നിലാ-
വമ്പിൽ തൂവിക്കൊണ്ടാകാശവീഥിയിൽ
അമ്പിളി പൊങ്ങി നിൽക്കുന്നിതാ മര-
ക്കൊമ്പിന്മേൽനിന്നു കോലോളം ദൂരത്തിൽ.

വെള്ളമേഘശകലങ്ങളാം നര-
തള്ളിച്ചുകൊണ്ടു ദേവകൾ വിണ്ണാകും
വെള്ളത്തിൽ വിളയാടിത്തുഴഞ്ഞുപോം
വെള്ളിയോടമിതെന്നു തോന്നീടുന്നു!

വിണ്മേൽനിന്നു മന്ദസ്മിതം തൂവുമെൻ
വെണ്മതിക്കുമ്പേ, നിന്നെയീയന്തിയിൽ
അമ്മ തന്നങ്കമേറിയെൻ സോദര-
"നമ്മാവാ"യെന്നലിഞ്ഞു വിളിയ്ക്കുന്നു!

ദേഹശോഭപോലുള്ളത്തിൽ കൂറമീ-
മോഹനാകൃതിയ്ക്കുണ്ടിതെൻപിന്നാലേ
സ്നേഹമോടു വിളിയ്ക്കും വഴിപോരു-
ന്നാഹാ! കൊച്ചു വെള്ളാട്ടിൻകിടാവുപോൽ.

വട്ടം നന്നല്ലതീവണ്ണമോടിയാൽ
മുട്ടുമേ ചെന്നകുന്നിന്മുകളിൽ നീ!
ഒട്ടുനിൽക്കങ്ങു വന്നൊന്നു നിന്മേനി-
തൊട്ടീടാനും കൊതിയെനിയ്ക്കോമനേ!

എന്നു കൈപൊക്കിയോടിനാനുന്മുഖൻ
കുന്നേറാനൊരു സാഹസി ബാലകൻ
ചെന്നു പിന്നിൽ ഗൃഹപാഠകാലമാ-
യെന്നു ജ്യേഷ്ഠൻ തടഞ്ഞുഞെട്ടുംവരെ.

(കുമാരനാശാൻ)

പാഠം ൨൦

വീട്ടുപക്ഷികൾ

കോഴി, താറാവു്, വാത്തു്, കാക്ക മുതലായ പക്ഷികളെ നാം വീടുകളിൽ വളർത്താറുണ്ടല്ലോ. ഇവ മനുഷ്യരോടു് ഇണങ്ങി ജീവിയ്ക്കുന്നു. നാം വിളിച്ചാൽ ഇവ അടുത്തുവരുന്നു. എന്നാൽ വളരെ മുമ്പു് ഇവയും മററു പക്ഷികളെപ്പോലെ മനുഷ്യരിൽനിന്നു് അകന്നു ജീവിച്ചിരുന്നവയാണു്. പശു, ആടു്, പോത്തു മുതലായ വീട്ടുമൃഗങ്ങളും ഒരുകാലത്തു്, കാട്ടുമൃഗങ്ങൾതന്നെയായിരുന്നു. മനുഷ്യർ അവയെ പിടിച്ചു മെരുക്കി വീട്ടുമൃഗങ്ങളാക്കി. അതുപോലെതന്നെ മനുഷ്യർ മെരുക്കിയെടുത്ത കാട്ടുപക്ഷികളാണു് ഇന്നത്തെ വീട്ടുപക്ഷികൾ. മുട്ടയ്ക്കും മാംസത്തിനുംവേണ്ടിയാണു് നാം വീട്ടുപക്ഷികളെ വളർത്തുന്നതു്.

നമ്മുടെ വീടുകളിൽ വളർത്തിവരുന്ന പക്ഷികളിൽ പ്രധാനപ്പെട്ടതു കോഴിയാണു്. കോഴിമുട്ട വളരെ പോഷകാംശങ്ങളുള്ള ഒരു ആഹാരമാണു്. കോഴിയുടെ മാംസവും ശക്തികരമായ ഒരു ഭക്ഷണപദാർത്ഥമാകുന്നു. ആൺകോഴിയ്ക്കു തലയിൽ ഒരു പൂവുണ്ടായിരിയ്ക്കും. അതിനാൽ അതിനെ "പൂവൻ" എന്നു വിളിയ്ക്കുന്നു.

"താക്കോൽ കൊട്ടക്കാതരുണോദയത്തിൽ
താനേമുഴങ്ങും വലിയോരലാറം"

എന്നു് ഒരു കവി പൂവൻകോഴിയെ വൎണ്ണിച്ചിരിയ്ക്കുന്നു. പ്രഭാതത്തിൽ പൂവൻകോഴി നീട്ടിവലിച്ചു കൂവുന്നതു കാണുവാനും, കേൾക്കുവാനും വളരെ രസമുണ്ടു്. പക്ഷെ അതിനായി പുലൎച്ചയ്ക്കു് എഴുന്നേല്ക്കണം.

പെൺകോഴിയ്ക്കു "പിട" എന്നു പേർ. പിടക്കോഴി മുട്ടയിട്ടു് അതിന്മീതെ പൊരുന്നിയിരിയ്ക്കും. മുട്ടകൾക്കു ചൂടുകൊടുക്കാനാണു് അങ്ങനെ ചെയ്യുന്നതു്. ഈ ചൂടുകൊണ്ടു മുട്ടകൾ വിരിയുന്നു. പൊരുന്നിയിരിയ്ക്കാതെതന്നെ മുട്ടകൾ വിരിയിയ്ക്കുവാനുള്ള ഉപകരണങ്ങളും ഉണ്ടു്.

കോഴികളിൽത്തന്നെ പല വൎഗ്ഗങ്ങളുണ്ടു്. ചില വൎഗ്ഗത്തിൽപ്പെട്ട കോഴികൾ ധാരാളം മുട്ടയിടും. മററു ചിലവയ്ക്കു് അസാധാരണമായ ശരീരപുഷ്ടിയുണ്ടാകും. നമ്മുടെ നാട്ടിലുള്ള കോഴികൾ വളരെ നല്ലവയല്ല. നല്ലതരം കോഴികളെ സമ്പാദിയ്ക്കുന്നപക്ഷം കോഴിവളൎത്തൽ ആദായകരമായ ഒരു തൊഴിലായിരിയ്ക്കും.

കൂട്ടംകൂട്ടമായി പോകുന്ന താറാവുകളെ നിങ്ങൾ കണ്ടിട്ടില്ലേ! കൊയ്ത്തുകഴിഞ്ഞാൽ ഇവയെ



പാടങ്ങളിൽ കൊണ്ടുവന്നിറക്കുകയായി. പാടത്തു കൊഴിഞ്ഞുകിടക്കുന്ന നെന്മണികൾ, ഇഴഞ്ഞുനടക്കുന്ന പ്രാണികൾ, പുഴുക്കൾ, കക്ക, തവളക്കുഞ്ഞുങ്ങൾ മുതലായവയാണു് താറാവുകളുടെ ആഹാരം. താറാവുകൾ നല്ല നീന്തൽക്കാരാണു്. അവയുടെ കാലുകൾ സൂക്ഷിച്ചു നോക്കിയിട്ടുണ്ടോ? വിരലുകൾതമ്മിൽ ഒരു തൊലികൊണ്ടു ബന്ധിച്ചിരിയ്ക്കുന്നു. പങ്കായങ്ങൾകൊണ്ടെന്നപോലെ ഈ കാലുകൾകൊണ്ടു തുഴഞ്ഞു് അവ നീന്തുന്നതു കാണ്മാൻ നല്ല കൌതുകമുണ്ടു്. അവ ചളിവെള്ളം അരിച്ചു് അതിലുള്ള ഭക്ഷണസാധനങ്ങൾ

തിരഞ്ഞെടുക്കുന്നു. താറാവുകളുടെ മലം ഒരു നല്ല വളമാണ്. പാടത്തു് ഇവയെ മുളയ്ക്കുന്ന സ്ഥലങ്ങളിൽ അടുത്ത പൂവലിലെ കൃഷി വളരെ വിശേഷമായിരിയ്ക്കും.

താറാവിൻെറ വൎഗ്ഗത്തിൽപ്പെട്ട ഒരു പക്ഷിയാണ് വാത്തു്. വാത്തിൻെറ കഴുത്തിന്നു താറാവിൻെറ കഴുത്തിനേക്കാൾ നീളം കൂടും. വാത്തു സാധാരണമായി വെള്ളത്തിലല്ല, കരയിലാണു സഞ്ചരിയ്ക്കുക. വാത്തിനു കുറെ ദൂരത്തോളം പറക്കുവാൻ കഴിയും.

"കൾക്കു്" അല്ലെങ്കിൽ ഖഡ്ഗം ഭംഗിയുള്ള ഒരു വലിയ പക്ഷിയാണ്. ചുമന്ന താടിയും നെററിയിലുള്ള പൂവും നീണ്ട കഴുത്തും കാലുകളും ആകെക്കൂടി അതിനു വളരെ അന്തസ്സു നൽകുന്നു.

പാഠം ൨൧

യേശുക്രിസ്തു

നമ്മുടെ നാട്ടിലെ ജനങ്ങളിൽ ഗണ്യമായ ഒരു വിഭാഗം ക്രിസ്ത്യാനികളാണല്ലൊ. ക്രിസ്തുമതത്തിൽ വിശ്വസിയ്ക്കുന്നവരെ ക്രിസ്ത്യാനികൾ എന്നു പറയുന്നു. ക്രിസ്തുമതം സ്ഥാപിച്ച പുണ്യപുരുഷനാണ് യേശുക്രിസ്തു.

ഏകദേശം രണ്ടായിരത്തോളം വർഷങ്ങൾക്ക മുമ്പാണ് യേശുക്രിസ്തു ജീവിച്ചതു്. ഏഷ്യാ ഭൂഖണ്ഡത്തിന്റെ പടിഞ്ഞാറു പാലസ്തീൻ

എന്ന ഒരു രാജ്യമുണ്ടു്. അവിടെയുള്ള "ബെതൽ ഹെം" എന്ന ഒരു ചെറു ഗ്രാമത്തിലാണു് യേശു പിറന്നതു്. യേശുവിന്റെ അച്ഛൻ ജൂതവൎഗ്ഗത്തിൽപ്പെട്ട ജോസഫ് എന്നു പേരായ ഒരു ആശാരിയായിരുന്നു. ജോസഫും അദ്ദേഹത്തിന്റെ ഭാൎയ്യയായ മേരിയും "നസറേത്തു്" എന്ന സ്ഥലത്തായിരുന്നു താമസിച്ചിരുന്നതു്. അക്കാലത്തു് ആ നാട്ടിൽ ഒരു ജനസംഖ്യയെടുക്കൽ നടന്നു. ഇതിന്നായി എല്ലാം ആളുകളും ഒരു നിശ്ചിതദിവസം താന്താങ്ങൾ പിറന്ന നാട്ടിൽ ഉണ്ടായിരിയ്ക്കണമെന്നു രാജാവിന്റെ കല്പന പുറപ്പെട്ടു. ഈ കല്പനയനുസരിച്ചു ജോസഫും ഗൎഭിണിയായ മേരിയും നസറേത്തിൽനിന്നു ബെതൽഹെമിൽ എത്തിച്ചേൎന്നു. താമസിയ്ക്കുവാൻ മററു സ്ഥലം കിട്ടായ്കയാൽ അവർ അവിടെയുള്ള ഒരു പശുത്തൊഴുത്തിൽ ചെന്നുകൂടി. ഈ തൊഴുത്തിലെ പുൽത്തൊട്ടിയിലാണു് ലോകവന്ദ്യനായ യേശു അവതരിച്ചതു്.

മഹാന്മാർ ജനിയ്ക്കുമ്പോൾ പല ആശ്ചൎയ്യസംഭവങ്ങളും ഉണ്ടാകുമത്രെ. യേശു ജനിച്ച രാത്രിയിൽ കുറെ ഇടയന്മാർ ഒരു പാടത്തു കിടന്നുറങ്ങിയിരുന്നു. പെട്ടെന്നു ഞെട്ടിയുണൎന്നു് അവർ മേല്പോട്ടു നോക്കി. ആകാശം ഒരു ദിവ്യ

മായ പ്രഭയാൽ തിളങ്ങുന്നതായി അവർ കണ്ടു. ഒരു ദേവദൂതൻ അവിടെ പ്രത്യക്ഷപ്പെട്ടു് ഇങ്ങനെ പ്രഖ്യാപിച്ചു:— "കേഠംക്കുവിൻ, ലോകത്തെ രക്ഷിയ്ക്കുവാൻ വേണ്ടി ക്രിസ്തു ജനിച്ചിരിയ്ക്കുന്നു". യേശു പിറന്ന സമയത്തു് ആകാശത്തിൽ ഒരു അത്ഭുത നക്ഷത്രം ഉദിയ്ക്കുകയുണ്ടായി. പൌരസ്ത്യ രാജ്യത്തിലെ ചില ജ്ഞാനികഠം ഈ നക്ഷത്രത്തെ കണ്ടു. ലോകരക്ഷകനായ ഒരു മഹാത്മാവു ഭൂമിയിൽ പിറന്നിട്ടുണ്ടെന്നു് അവർ മനസ്സിലാക്കി. അവർ അദ്ദേഹത്തെ അന്വേഷിച്ചു പുറപ്പെട്ടു. ആ നക്ഷത്രംതന്നെ അവക്കു മാൎഗ്ഗദീപമായി ഉപകരിച്ചു. ബെതൽഹെമിലെ പുൽത്തൊട്ടിയ്ക്കടുത്തു വന്നു് അവർ സ്വൎണ്ണം, സുഗന്ധദ്രവ്യങ്ങഠം മുതലായവ കാഴ്ചവെച്ചു യേശുവിനെ വന്ദിച്ചു.

ഈ ബാലനാണു് പിന്നീടു ക്രിസ്തുമതസ്ഥാപകനായിത്തീൎന്നതു്. ജനങ്ങളെ സൽസ്വഭാവികളും ഈശഭക്തന്മാരും ആക്കിത്തീക്കുവാൻ അദ്ദേഹം നിരന്തരം പരിശ്രമിച്ചു. പന്ത്രണ്ടു പേരാണു് യേശുവിൻെറ ശിഷ്യന്മാരായതു്. ഏകനായ ഈശ്വരൻ ജഗൽപ്പിതാവാണെന്നും,

അദ്ദേഹത്തിന്റെ പുത്രന്മാരായ മനുഷ്യർ എല്ലാം സഹോദരന്മാരാണെന്നും ആണ് ക്രിസ്തുമതത്തിലെ പ്രധാന തത്വം. "ദൈവത്തെ പൂർണ്ണമായും വിശ്വസിയ്ക്കുക, സമസ്തസൃഷ്ടങ്ങളെ സ്നേഹിയ്ക്കുക, അപരാധം സമ്മതിച്ചു ശരിയായി പശ്ചാത്തപിയ്ക്കുന്നവർക്കു മാപ്പു കൊടുക്കുക" എന്നിവ ക്രിസ്തുവിന്റെ വിശിഷ്ടോപദേശങ്ങളിൽ ചിലതാണ്. ക്രിസ്തുവിന്റെ ജീവിതത്തെയും ഉപദേശങ്ങളെയും പററി "ബൈബിൾ" എന്ന ക്രിസ്തീയ വേദഗ്രന്ഥത്തിൽനിന്നു നമുക്കു മനസ്സിലാക്കാം. ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും അഹിംസയുടെയും മൂർത്തിയായ യേശുക്രിസ്തുവിന്റെ ഉപദേശങ്ങൾ മനുഷ്യരെ സംസ്കരിയ്ക്കുന്നതിൽ വളരെ ഉപകരിച്ചിട്ടുണ്ട്.

പാഠം ൨൨

പുലിയും ചിത്രകാരനും

മഹമ്മദ് ഒരു ചിത്രകാരനാണ്. അയാൾ ചായങ്ങൾ ഉപയോഗിച്ചു ഭംഗിയേറിയ ചിത്രങ്ങൾ വരയ്ക്കാറുണ്ട്. മൃഗങ്ങളുടേയും മനുഷ്യരുടേയും ചിത്രങ്ങൾ വരയ്ക്കുന്നതിലാണ് അയാൾക്കു കൂടുതൽ സാമർത്ഥ്യം. പക്ഷെ, ചെടികൾ,

മരങ്ങൾ, പൂമ്പാററകൾ, ഭൂഭാഗങ്ങൾ എന്നിവയുടെ പടങ്ങൾ വരയ്ക്കുന്നതാണ് മഹമ്മദിന്നു കൂടുതൽ പ്രിയം.

മഹമ്മദിൻെറ വീട്ടിൽനിന്നു നാലുനാഴിക കിഴക്കോട്ടു പോയാൽ ഒരു വനമുണ്ടു്. കാടു തിങ്ങിയ കുന്നുകൾക്കിടയിലൂടെ ഒരു ചെറിയ പുഴ അവിടെ വളഞ്ഞു് ഒഴുകുന്നു. പുഴയിൽ ഒരു വെള്ളച്ചാട്ടമുണ്ടു്. പാറപ്പുറത്തു വീണു പതഞ്ഞൊഴുകുന്ന വെള്ളം എത്ര കണ്ടാലും മഹമ്മദിന്നു തൃപ്തിവരികയില്ല. ആ വെള്ളച്ചാട്ടത്തിൻെറ ഒരു ചിത്രം വരയ്ക്കുവാൻ അയാൾ ആഗ്രഹിച്ചു.

മഹമ്മദിൻെറ കൈവശം ഒരു സൈക്കിൾ ഉണ്ടു്. ഒരു ദിവസം ഉച്ചയ്ക്കു ചിത്രം വരയ്ക്കുവാനുള്ള ചായങ്ങളും, പുസ്തകവും ബ്രഷുകളും എടുത്തു സൈക്കിളിൽ കയറി മഹമ്മദു വനത്തിലേയ്ക്കു പുറപ്പെട്ടു. വെള്ളച്ചാട്ടത്തിന്നടുത്തു ചെന്നു്, സൈക്കിൾ ഒരു പാറമേൽ ചാരിവെച്ചു്, മറെറാരു പാറയിൽ ഇരുന്നു മഹമ്മദു ചിത്രം വരച്ചുതുടങ്ങി.

പടം എഴുതാൻതുടങ്ങിയാൽപിന്നെ സമയം പോകുന്നതു മഹമ്മദു് അറിയുകയില്ല. താൻ

CKS

എത്ര നേരം ഇരുന്നു ചിത്രം വരച്ചു എന്നു മഹമ്മദിന്നു നിശ്ചയമില്ല. പെട്ടെന്നു് ഭയങ്കരമായ ഒരു ഗർജ്ജനം കേട്ടു്, അയാൾ തലയുയർത്തി നോക്കി. ഒരു വലിയ പുലിയുണ്ടു മുമ്പിൽ നില്ക്കുന്നു! അതിന്റെ വാൽ ഇരുവശത്തേയ്ക്കും ആടുന്നുണ്ടു്. അമ്പോ, ജ്വലിയ്ക്കുന്ന ആ കണ്ണുകൾ! പേടി കൊണ്ടു മഹമ്മദിന്റെ പ്രാണൻ പകുതി പോയി.

ആശ്ചര്യം! ആ പുലി സംസാരിയ്ക്കുന്നു! "നീ ആർ? എന്തിനു് ഇവിടെ വന്നു?" എന്നു് അതു വ്യക്തമായി ചോദിച്ചു.

"എന്റെ പേർ മഹമ്മദു് എന്നാണു്. ഞാൻ ഒരു ചിത്രകാരനാണു്. ഈ വെള്ളച്ചാട്ടത്തിന്റെ ചിത്രം വരയ്ക്കുവാൻ ഇവിടെ വന്നതാണു്" എന്നു മഹമ്മദു പറഞ്ഞു.

"നീ ആരായാലും കൊള്ളാം. ഈ കാട്ടിലെ രാജാവാണു് ഞാൻ. ഇവിടെ വന്നുചേൎന്ന നിന്നെ ഞാൻ വിട്ടയയ്ക്കുകയില്ല. ഏതെങ്കിലും കാട്ടുമൃഗം നാട്ടിൽ വന്നാൽ നിങ്ങൾ വെറുതെ വിട്ടയയ്ക്കുമോ? അതിനെ നിങ്ങൾ വെടിവെച്ചു കൊല്ലുകയില്ലേ? അതിന്നു പകരമായി, കാട്ടിൽ ഒററയ്ക്കു കണ്ട മനുഷ്യരെ ഞാനും വിട്ടയയ്ക്കാറില്ല" എന്നായി പുലി.

മഹമ്മദ്ദ ധൈൎയ്യം അവലംബിച്ചു പറഞ്ഞു:—"ഓഹോ, ഈ കാട്ടിലെ രാജാവാണ് താങ്കൾ, അല്ലേ? ഞങ്ങളുടെ നാട്ടിലുമുണ്ടു രാജാക്കന്മാർ. അവർ ചിത്രകാരന്മാരെക്കൊണ്ടു തങ്ങളുടെ പടം വരപ്പിയ്ക്കാറുണ്ടു്. ചിത്രം ചട്ടമിട്ടു ദർബാർ കൂടുന്ന മുറിയിൽ തൂക്കിയാൽ എന്തൊരു അന്തസ്സായിരിയ്ക്കുമെന്നോ!"

പുലി:—ശരി, എന്നാൽ നീ എൻെറ ഒരു പടം വരയ്ക്കു്. ചിത്രം നന്നായാൽ ഞാൻ നിന്നെ കൊല്ലാതെ വിട്ടയയ്ക്കാം. പടം എനിയ്ക്കു പിടിച്ചില്ലെങ്കിൽ നിൻെറ തല ഞാൻ "മട മട" എന്നു കടിച്ചുടയ്ക്കും."

മഹമ്മദ്:—സമ്മതിച്ചു. താങ്കൾ ആ പാറപ്പുറത്തു കയറി കൈ നീട്ടി ഇരിയ്ക്കുക. ഹോ, എന്തു ഗാംഭീൎയ്യമാണ് താങ്കളുടെ മുഖത്തു്! താങ്കളുടെ മീശയുടെ ഭംഗി അസാമാന്യംതന്നെ. ഞങ്ങളുടെ രാജാവിന്നു മീശകൂടിയില്ല. താങ്കളുടെ തൊലിയുടെ തിളക്കവും വരകളുടെ നിറപ്പകിട്ടും, വാലിൻെറ സൌന്ദൎയ്യവും വേറെ ഏതു രാജാവിന്നുണ്ടു്?

പുലി:—വെറുതെ സംസാരിച്ചു സമയം കളയാതെ പണിതുടങ്ങു്. ഈ മനുഷ്യരോടു്

എനിയ്ക്കുള്ള വിരോധത്തിൻെറ പ്രധാന കാരണം അവരുടെ ഈ അത്ഥമില്ലാത്ത സംസാരമാണ്. എത്ര സമയമാണ് നിങ്ങറം ഇങ്ങനെ ആവശ്യമില്ലാതെ സംസാരിച്ചു കളയുന്നതു്!

മഹമ്മദു വരച്ചുതുടങ്ങി. വൈകുന്നേരമായി. സൂൎയ്യൻ കുന്നിനപ്പുറത്തു താണു. വെളിച്ചം മങ്ങി. വേഗത്തിൽ രക്ഷപ്പെട്ടില്ലെങ്കിൽ തൻെറ ജീവൻ അപകടത്തിലാകുമെന്നു് അയാറം കണ്ടു. അയാറം പുലിയോടു പറഞ്ഞു:—

"വനരാജാവേ! താങ്കളുടെ മുൻഭാഗം ഞാൻ വരച്ചു കഴിഞ്ഞു. ഇനി പിൻഭാഗമാണ് ബാക്കിയുള്ളതു്. അതിന്നു താങ്കറം അപ്പുറത്തേയ്ക്കു തിരിഞ്ഞു് അനങ്ങാതെ ഇരിയ്ക്കണം. ചെവികൂടി ആട്ടരുതു്. അനങ്ങിയാൽ ചിത്രം തെററും. എടുത്ത പണിയെല്ലാം വെറുതെയാകും."

പുലി പുറം തിരിഞ്ഞു് ഇരിപ്പായി. മഹമ്മദ് ഉടനെ എഴുന്നേററു .തൻെറ സൈക്കിളിൻെറ അരികിലേയ്ക്കു നടന്നു. വെള്ളച്ചാട്ടത്തിൻെറ ഇരമ്പലിൽ പുലി അയാളുടെ കാലൊച്ച കേട്ടില്ല. സൈക്കിറം എടുത്തു മെല്ലെ തള്ളി വഴിയിൽ കൊണ്ടുചെന്നു മഹമ്മദ് അതിന്മേൽ ചാടിക്കയറി അതിവേഗത്തിൽ ചവിട്ടി ഓടിച്ചു.

സൈക്കിറം ഓട്ടുന്ന ശബ്ദം കേട്ടു പുലി തിരിഞ്ഞു നോക്കി. മഹമ്മദുണ്ട് അകലെ സൈക്കിളിൽ വെച്ചുകുതിയ്ക്കുന്നു! പുലി ഉറക്കെ വിളിച്ചു പറഞ്ഞു:—

"എടാ, ചിത്രകാരാ, എൻെറ ചിത്രമെവിടെ?"

മഹമ്മദു സൈക്കിളിൽ നിന്നിറങ്ങാതെ ഉത്തരംനല്കി:—"കൊള്ളാം, തിരുമേനി അവിടെത്തന്നെ ഇരിയ്ക്കു. ഞാൻ നാട്ടിൽ പോയി വേറെ ചിലരേക്കൂടി വിളിച്ചുകൊണ്ടുവരാം. എന്നിട്ടാവാം അവിടത്തെ ചിത്രം മുഴുവനാക്കുവാൻ." ഇത്രയും പറഞ്ഞു് അയാറം ഒരു വളവു തിരിഞ്ഞു മറഞ്ഞു.

പുലി തന്നത്താൻ മുരണ്ടു:— "ഇതാണു് എനിയ്ക്കു ഈ മനുഷ്യരെ കണ്ടുകൂടാത്തതു്. അവക്കു പറഞ്ഞ വാക്കിന്നു സ്ഥിരതയില്ല. പിന്നെ, നേരിട്ടു നിന്നെതിർത്തുകളയാമെന്നു് അവർ വിചാരിയ്ക്കുകയുമില്ല. സൂത്രംകൊണ്ടു രക്ഷനേടാനേ അവർ നോക്കൂ. ഭീരുക്കറം! ഭീരുക്കറം!"



പാഠം ൨൩

സുപ്രഭാതം

ആ വെള്ളിക്കൈവിളക്കേന്തിക്കിഴക്കൊരു
തൂവെള്ള പൂശുന്ന ദേവിയാരോ?

ചെങ്കതിർച്ചൂലുമായെത്തിപ്പുലരിയാം
മങ്കയാൾ വാനമാമങ്കണത്തിൽ

തങ്കംതലേന്നാളിരവിൻെറ കൂരിരുൾ-
പ്പങ്കം മുഴുക്കേയടിച്ചുവാരി,

തിങ്കളാം പൊൻകുടം താഴ്ത്തിപ്പടിഞ്ഞാറെ-
വൻകടലിങ്കലെ വെള്ളംകോരി

മുററം തളിച്ചോ, ഹിമാംബുകണങ്ങളാ-
യിററിററു വീഴുന്നു ചുററുമിപ്പോൾ!

ലോകാധിനാഥൻെറ നാമസങ്കീർത്തനം
വൈകാതെ പാടുവാൻ കൂട്ടരോരും

സുന്ദരശ്രീയാന്ന പക്ഷിവൃന്ദങ്ങളെ
മന്ദാനിലൻ ചെന്നുണത്തിടുന്നു!

കോമളപ്പൂക്കളാൽ പുഞ്ചിരിതൂകിക്കൊ-
ണ്ടാമോദമുൾക്കൊള്ളുമാരാമത്തിൽ

തീനിന്നു വേണ്ടതു തേടിപ്പറക്കുന്നു
തേനീച്ച; ബാലരേ! കൺമിഴിപ്പിൻ!

പാഠം ൨൪

പോയ്യോയ പണസ്സഞ്ചി

രാമൻനായർ ഒരു കൃഷിക്കാരനാണ്. നല്ല പോലെ പ്രയത്നിയ്ക്കും. മിക്ക സമയത്തും മൂപ്പർ പാടത്തോ പറമ്പിലോ ആയിരിയ്ക്കും. കൃഷി എന്നുവെച്ചാൽ ജീവനാണ്. കൃഷികൊണ്ടു കുറെ സമ്പാദ്യവും ഉണ്ടായിട്ടുണ്ടു്. നല്ല മയ്യാദക്കാരനാണ്. പക്ഷെ ബുദ്ധി കുറച്ചു കഷ്ടിയാണ്. സ്വന്തം ഗ്രാമം വിട്ടു ചുരുക്കമായേ പുറമെ പോയിട്ടുള്ളു.

രാമൻനായരുടെ അനുജൻ കൃഷ്ണൻനായക്കു പട്ടണത്തിൽ ഒരു ചായപ്പീടികയുണ്ടു്. കൃഷ്ണൻനായരും കുടുംബവും പട്ടണത്തിലാണ് താമസിയ്ക്കുന്നതു്. കൃഷ്ണൻനായർ ജ്യേഷ്ഠനെ കൂടെക്കൂടെ പട്ടണത്തിലേയ്ക്കു ക്ഷണിയ്ക്കാറുണ്ടു്. എന്നാൽ കൃഷിക്കാക്കുണ്ടോ ഒഴിവുകിട്ടുന്നു? രാമൻനായർ ഇതുവരെ അനുജൻെറ വീട്ടിൽ പോയിട്ടില്ല. പോകാൻ ഒരവസരം ഒടുവിൽ ഉണ്ടായി. കൃഷ്ണൻനായരുടെ മകളുടെ കല്യാണമായിരുന്നു. അടിയന്തിരത്തിന്നു രാമൻനായരെ കൂട്ടിക്കൊണ്ടു പോകുവാൻ കൃഷ്ണൻനായർ ഗ്രാമത്തിൽ ചെന്നു. ജോലികളെല്ലാം തൽക്കാലത്തേയ്ക്കു നിൎത്തിവെച്ചു രാമൻനായർ അനുജൻെറ കൂടെ പട്ടണത്തിലേയ്ക്കു പുറപ്പെട്ടു.

പട്ടണത്തിലെ കാഴ്ച്ചകൾകണ്ടു്, രാമൻനായർ അമ്പരന്നു. എത്ര വണ്ടികളാണു്, എന്തൊരു തിരക്കാണു്! വഴിയുടെ വക്കിൽക്കൂടെ നടന്നില്ലെങ്കിൽ വണ്ടിച്ചക്രം കയറി പ്രാണൻ പോയതു തന്നെ! രാമൻനായരുടെ ഗ്രാമത്തിൽ ഒരൊററ പ്പീടികയേ ഉള്ളൂ. ഇവിടെ എത്രയെത്ര പീടികകൾ! അവയിൽ എന്തെല്ലാം സാധനങ്ങളാണു് വില്ക്കുന്നതു്! ഒരു ഭാഗത്തു പച്ചക്കറിപ്പീടികകൾ; മറെറാരുഭാഗത്തു തുണിക്കടകൾ; വേറൊരു ഭാഗത്തു് ആഭരണശാലകൾ; അപ്പുറത്തു പുസ്തകവ്യാപാരശാലകൾ! എന്തു് ഉയരമുള്ള വീടുകൾ! ഇവിടത്തെ മണിമാളികയ്ക്കു രാമൻ നായരുടെ ഗ്രാമത്തിലെ കുന്നിനോളം പൊക്കം കാണും. എത്ര നിലകളാണു് ഓരോ വീടിന്നും!

അതാ, ഒരു പാട്ടുകേൾക്കുന്നു. ആശ്ചര്യം, ആ പാട്ടു വരുന്നതു് ഒരു പെട്ടിയിൽനിന്നാണു്! ഇതിൻെറ മറി മനസ്സിലാവാതെ രാമൻനായർ അമ്പരന്നു. ഇതിന്നുമുമ്പു രാമൻനായർ "റേഡിയോ" കണ്ടിട്ടില്ല.

സന്ധ്യയാവാറായി. പെട്ടെന്നു വിളക്കുകളെല്ലാം ഒരുമിച്ചു കത്തി. വഴിനീളെ വിളക്കുകൾ. ചന്ദ്രനെപ്പോലെ തിളങ്ങുന്ന വിളക്കുകൾ. പീടികകളിലും, വീടുകളിലും, വഴിവക്കിലും

എല്ലാം വിളക്കുകൾതന്നെ. എന്തു പ്രകാശം! എണ്ണയോ തിരിയോ കൂടാതെ കത്തുന്ന വൈദ്യുത ദീപങ്ങൾ രാമൻനായർ ആദ്യമായി കാണുകയാണ്. ഗ്രാമത്തിലെ പീടികയിൽ ഒരു പെട്രൊമാക്സ് വിളക്കുണ്ടു്. പക്ഷെ അതിന്നും മണ്ണെണ്ണ വേണം. ഇവിടെ ഒരു ബട്ടൺ അമർത്തേണ്ട താമസം, വിളക്കു കത്തുകയായി.

കാഴ്ചകൾ കണ്ടു സന്തോഷിച്ചു നടക്കുന്ന രാമൻനായരുടെ മടിയിൽനിന്നു പണസ്സഞ്ചി വഴിയിൽവീണുപോയി. കുറച്ചുകഴിഞ്ഞപ്പോഴാണ് രാമൻനായർ പണസ്സഞ്ചിയെപ്പററി ഓർത്തു്. മടിയിൽ അതു കാണാനില്ല. അല്പംമുമ്പ് ഉണ്ടായിരുന്നതാണ്. രാമൻനായർ കീശയിൽ തപ്പിനോക്കി. മുണ്ടഴിച്ചു കുടഞ്ഞുനോക്കി. പണസ്സഞ്ചി പോയതുതന്നെ. രാമൻനായക്കു വ്യസനമായി. പണസ്സഞ്ചിയിൽ ഇരുപതോ മുപ്പതോ രൂപയേ ഉണ്ടായിരുന്നുള്ളു. എന്നാലും രാമൻനായക്ക് അതു വലിയ ഒരു തുകയാണ്. എത്ര ദിവസത്തെ ക്ലേശംകൊണ്ടാണ് ഇരുപതു രൂപ മിച്ചമുണ്ടാവുന്നതു്! രാമൻനായർ പരിഭ്രമിച്ചു. വഴിയിൽ അങ്ങോളമിങ്ങോളം തിരഞ്ഞു. പക്ഷെ പണസ്സഞ്ചി കാണാനില്ല. എങ്ങനെ കാണാനാണ്! എത്ര ആളുകളാണ് അങ്ങോട്ടുമിങ്ങോട്ടും

നടക്കുന്നതു്! കിട്ടിയ ആാം കൊണ്ടുപോയിരിയ്ക്കും. എന്നിട്ടും തിരച്ചിൽ നിൎത്തുവാൻ രാമൻ നായൎക്കു മനസ്സുവന്നില്ല. ഒടുവിൽ അടുത്തുള്ള പോലീസ്സ്റ്റേഷനിൽ ചെന്നു വിവരം അറിയിയ്ക്കാമെന്നു കൃഷ്ണൻനായർ അഭിപ്രായപ്പെട്ടു. ഇരുവരും സ്റ്റേഷനിലേയ്ക്കു ചെന്നു.



സ്റ്റേഷനിൽ ഇൻസ്പെക്ടർ ഇരിയ്ക്കുന്നുണ്ടായിരുന്നു. രാമൻനായർ തൻെറ പണസ്സഞ്ചിയുടെ അടയാളങ്ങൾ, അതിലുണ്ടായിരുന്ന തുക, അതു പോയിരിയ്ക്കാൻ ഇടയുള്ള സ്ഥലം, സമയം, സ്വന്തം മേൽവിലാസം എന്നിവ പറഞ്ഞുകൊടുത്തു. സ്റ്റേഷനിലെ ഗുമസ്തൻ അതെല്ലാം ഒരു തടിച്ച

പുസ്തകത്തിൽ എഴുതിവെച്ചു. ഒടുവിൽ രാമൻനായർ ഇൻസ്പെക്ടരോടു പറഞ്ഞു:—സാർ, എൻെറ കാൎയ്യത്തിൽ ഒന്നു മനസ്സുവെയ്ക്കണം. ഞാൻ ഒരു പാവപ്പെട്ട കൃഷിക്കാരനാണു്. പട്ടണത്തിൽ പരിചയമില്ല. എങ്ങനെയെങ്കിലും എൻെറ പണസ്സഞ്ചി കണ്ടെടുത്തു തരണം." ഇൻസ്പെക്ടർ കഴിയുന്ന എല്ലാ പ്രയത്നവും ചെയ്യാമെന്നു വാഗ്ദാനംചെയ്തു.

രണ്ടു ദിവസം കഴിഞ്ഞു. കൃഷ്ണൻനായരുടെ മകളുടെ കല്യാണം നടന്നു. അവൾ ഭൎത്താവിൻെറ വീട്ടിലേയ്ക്കു പോയി. വിരുന്നുകാർ പിരിഞ്ഞു പോയി. രാമൻനായൎക്കു വീട്ടിലേയ്ക്കു മടങ്ങിപ്പോകേണ്ട സമയമായി. എന്നിട്ടും പണസ്സഞ്ചിയെപ്പററി യാതൊരു വൎത്തമാനവുമില്ല.

രാമൻനായർ ഒരിയ്ക്കൽക്കൂടി പോലീസ് സ്റ്റേഷനിലേയ്ക്കു ചെന്നു. അവിടെ പല ആളുകളുമുണ്ടു്. ചിലർ വരുന്നു, ചിലർ പോകുന്നു. വലിയ തിരക്കു്. കുറെ കാത്തുനിന്നശേഷം രാമൻനായർ ധൈൎയ്യപ്പെട്ടു് ഇൻസ്പെക്ടരുടെ അടുത്തു ചെന്നു, തൻെറ പണസ്സഞ്ചി കിട്ടിയോ എന്നന്വേഷിച്ചു. ഇൻസ്പെക്ടൎക്കു് ആളെ കണ്ട ഓൎമ്മതന്നെ ഇല്ല. ഒടുവിൽ പേരും ആവലാതി ബോധിപ്പിച്ച തിയതിയും എല്ലാം ചോദിച്ചറിഞ്ഞു ഗൃഹസ്ഥനെ

ക്കൊണ്ടു് ആ തടിച്ച പുസ്തകം കൊണ്ടുവരുവിച്ചു. ഇല്ല, പണസ്സഞ്ചിയെപ്പററി വിവരമൊന്നും കിട്ടി യിട്ടില്ല.

രാമൻനായക്ക കരച്ചിൽ വന്നു. ആ വൃദ്ധൻെറ സങ്കടംകണ്ടു് ഇൻസ്പെക്ടർക്കു് അലിവു തോന്നി. അദ്ദേഹം പറഞ്ഞു:—"കാരണവരേ, സമാ ധാനിയ്ക്കൂ. ഞങ്ങൾ കഴിയുന്നത്ര ശ്രമിയ്ക്കാം. ഈ പട്ടണത്തിലെ നിരത്തുകൾ മുഴുവൻ കുത്തി ക്കഴിച്ചിട്ടെങ്കിലും താങ്കളുടെ വീണുപോയ പണ സ്സഞ്ചി കണ്ടെടുത്തുതരാം."

രാമൻനായക്ക സമാധാനമായി. ഇൻസ്പെ ക്ടരെ വന്ദിച്ചു് അയാൾ പുറത്തേയ്ക്കു പോന്നു. നിരത്തിലൂടെ നടന്നു. അത്ഭുതംതന്നെ. അവിടെ മുഴുവൻ ആളുകൾ നിന്നു കുത്തിക്കഴിയ്ക്കുകയാണു്. പിക്കാസ്സും പാരക്കോലും കൈക്കോട്ടും കല്ലിൽ മുട്ടുന്ന ശബ്ദമേ കേൾക്കാനുള്ളു.

പട്ടണത്തിലെ നിരത്തുകളിൽ കോൺ ക്രീററു് ഇടുന്നുണ്ടായിരുന്നു. ഗതാഗതം അധിക മുള്ള വഴികളിൽ ടാറോ, കോൺക്രീററൊ ഇടുക ഇക്കാലത്തു സാധാരണമാണല്ലോ. പക്ഷെ രാമൻനായക്കു് ഇതു് അറിഞ്ഞുകൂടാ.

അയാൾ ആശ്ചൎയ്യപ്പെട്ടു് അവരുടെ പണിനോക്കി നിന്നു. ഇൻസ്പെക്ടർ പറഞ്ഞ വാക്കുകൾ അയാൾ ഓൎത്തു. "ഈ പട്ടണത്തിലെ നിരത്തുകൾ മുഴുവൻ കുത്തിക്കുഴിച്ചിട്ടെങ്കിലും താങ്കളുടെ വീണു പോയ പണസ്സഞ്ചി കണ്ടെടുത്തുതരാം". അപ്പോൾ അവർ തന്റെ പണസ്സഞ്ചി കണ്ടെടുക്കാനാണു് നിരത്തു കുഴിയ്ക്കുന്നതു്!

രാമൻനായർ പോലീസ്സ്റ്റേഷനിലേയ്ക്കു മടങ്ങി. ഇൻസ്പെക്ടർ ആദ്യത്തെ സ്ഥലത്തുതന്നെ ഇരിയ്ക്കുന്നുണ്ടു്. രാമൻനായരെ കണ്ടു് അദ്ദേഹം ചോദിച്ചു "എന്താണു് പിന്നേയും വന്നതു്, കാരണവരെ?" രാമൻനായർ പറഞ്ഞു:—"മുപ്പതു രൂപ്പിക എനിയ്ക്കു വലിയ ഒരു തുകയാണു്. എന്നാലും അതിന്നുവേണ്ടി നിരത്തുകൾ മുഴുവൻ കുത്തിക്കുഴിയ്ക്കേണ്ട. എന്തു പണച്ചെലവാണു്! എന്റെ പണം പോയതു പോയ്ക്കോട്ടേ."

പാഠം ൨൫

തേനീച്ച

ഒരു ദിവസം രാവിലെ നാരായണി എഴുന്നേററു പുറത്തുവന്നപ്പോൾ അവളുടെ അച്ഛൻ ഇറയത്തു് ഇരുന്നു രണ്ടുമൂന്നു പുതിയ കുടങ്ങളിൽ

ശക്കരയും തേനും പുരട്ടുന്നതു കണ്ടു. നാരായണിയ്ക്കു് അത്ഭുതംതോന്നി. എന്തിനായിരിയ്ക്കാം ഈ കുടങ്ങൾ?

കുടങ്ങൾ എടുത്തു് അച്ഛൻ തോട്ടത്തിലേയ്ക്കിറങ്ങി. നാരായണിയും പിന്നാലെ ചെന്നു. തോട്ടത്തിൽ ഒരു വലിയ പുളിമരം നിറയെ പൂത്തുനിന്നിരുന്നു. അച്ഛൻ ആ മരത്തിൽ കയറി അതിൻെറ ചില ചെറു ചില്ലകൾ മുറിച്ചു. അവയുടെ കുററികളിൽ ആ കുടങ്ങൾ കോത്തിട്ടു് അദ്ദേഹം ഇറങ്ങിപ്പോന്നു. നാരായണി ചോദിച്ചു:—"ഇതെന്തിനാണു് അച്ഛാ, ആ കുടങ്ങൾ അവിടെ വെച്ചതു്?"

അച്ഛൻ പറഞ്ഞു:— "രണ്ടാഴ്ച കഴിയട്ടെ. നിനക്കു കാണാം." രണ്ടാഴ്ച കഴിഞ്ഞു്, നാരായണി സ്കൂൾ വിട്ടു വന്നപ്പോൾ അച്ഛൻ തോട്ടത്തിൽ പുളിയുടെ ചുവട്ടിൽ ഇരിയ്ക്കുന്നതു കണ്ടു. അവൾ ഉടനെ അങ്ങോട്ടോടിച്ചെന്നു. അച്ഛൻ ഒരു കുടം താഴെ ഇറക്കിവെച്ചിട്ടുണ്ടു്. ഈച്ചകൾ അതിൽ അകത്തേയ്ക്കും പുറത്തേയ്ക്കും പറന്നുകൊണ്ടിരുന്നു. വീട്ടിൽ കാണാറുള്ളതരം ഈച്ചകളല്ല, തേനീച്ചകൾ!

അച്ഛൻെറ അടുത്തു മരംകൊണ്ടുണ്ടാക്കിയ മൂന്നു പെട്ടികൾ അടുക്കിവെച്ചിട്ടുണ്ടു്. അടിയിലെ

CKSebastian

പെട്ടി കുറച്ചു വലിയതാണു്. ഓരോ പെട്ടിയുടേയും ഉള്ളിൽ ആറാറു ചട്ടങ്ങളുണ്ടു്. അച്ഛൻ കുടത്തിൻെറ ഒരുവശം മെല്ലെ പൊട്ടിച്ചു് അതിൽനിന്നു, വെളുത്ത അടപോലെ ഒരു സാധനം പുറത്തെടുത്തു. അതിന്മേൽ നിറയെ ഈച്ചകളാണു്. ഈച്ചകളെ ഊതിയൂതി കുടത്തിന്നകത്തേയ്ക്കുയച്ചശേഷം പെട്ടിയിൽനിന്നു് ഒരു ചട്ടമെടുത്തു് ആ അടകളച്ചു ചട്ടത്തിൻെറ മുകളിൽ ചേൎത്തു കെട്ടി പെട്ടിയിൽതന്നെ വെച്ചു. കുടത്തിന്നകത്തു മൂന്നു് അടകൾ ഉണ്ടായിരുന്നു. മൂന്നും അടൎത്തിയെടുത്തു ചട്ടങ്ങളിൽ വെച്ചുകെട്ടി പെട്ടിയ്ക്കകത്താക്കിയശേഷം ഈച്ചകളെ മെല്ലെ വാരി പെട്ടിയിലാക്കി. അടുത്തുതന്നെ വെച്ചിരുന്ന ഒരു പീഠത്തിൽ അടക്കിവെച്ചു മൂടികൊണ്ടു് അടയ്ക്കുകയും ചെയ്തു. പെട്ടിയുടെ അടിയിലുണ്ടായിരുന്ന ദ്വാരത്തിലൂടെ ഈച്ചകൾ അകത്തേയ്ക്കും പുറത്തേയ്ക്കും സഞ്ചരിച്ചുകൊണ്ടിരുന്നു.

ഇത്ര അധികം ഈച്ചകൾ ഈ കുടത്തിന്നകത്തു് എങ്ങനെ വന്നു?. ആ വെളുത്തു തടിച്ച അടകൾ എങ്ങനെ ഉണ്ടായി? പെട്ടിയിൽനിന്നു് ഈച്ചകൾ പറന്നുപോവുകയില്ലേ? അവയെ പെട്ടിയിലിട്ടുവെച്ചിട്ടുള്ളതു് എന്തിനാണു്? ഇങ്ങനെ പല ചോദ്യങ്ങളും നാരായണിയ്ക്കു ചോദിയ്ക്കു

വാനുണ്ടായിരുന്നു. അവളുടെ അച്ഛൻ പറഞ്ഞു:— "ഒരാഴ്ചകൂടി കഴിയട്ടെ. എല്ലാം ഞാൻ കാണിച്ചുതരാം."

ഒരാഴ്ചകഴിഞ്ഞു്, ഒരുദിവസം രാവിലെ അച്ഛൻ തേനീച്ചക്കൂടു തുറന്നു പരിശോധിയ്ക്കുകയായിരുന്നു. നാരായണിയും അടുത്തുണ്ടു്. അന്നു് അടകൾവെച്ചുകെട്ടിയ നാരുകളെല്ലാം ഈച്ചകൾ അറുത്തുകളഞ്ഞിരിയ്ക്കുന്നു. അടകൾ ചട്ടങ്ങളിൽ ഭദ്രമായി ഉറപ്പിച്ചിട്ടുണ്ടു്. വേറെ ചട്ടങ്ങളിൽ പുതിയ അടകൾ കെട്ടിത്തുടങ്ങിയിട്ടുമുണ്ടു്. വെളുത്തു് ആറുകോണുള്ള വടിവൊത്ത അറകൾ. അവയിൽ ചിലതിൽ എന്തോ തിളങ്ങിക്കാണുന്നുണ്ടു്. നാരായണി ചോദിച്ചു:—"അതെന്താണു്?"

അച്ഛൻ:— അതാണു് തേൻ.

നാരായണി:— തേൻ എവിടെനിന്നു കിട്ടുന്നു?

അച്ഛൻ:—പൂക്കളിൽനിന്നു്. മിക്ക പൂക്കളിലും തേനുണ്ടു്. ഈച്ചകൾ പ്രഭാതംമുതൽ പറന്നു നടക്കുന്നതു കണ്ടിട്ടില്ലേ? അവ ഓരോ പൂവിലും നടന്നു തേൻ ശേഖരിയ്ക്കുന്നു. തേൻ മാത്രമല്ല, പൂമ്പൊടിയും അവ കൊണ്ടുവരും. തേനും പൂമ്പൊടിയും സൂക്ഷിച്ചുവെയ്ക്കുവാൻ അവ ഉണ്ടാക്കിയ അറകൾ കണ്ടുവോ?

നാരായണി:—ഈ അറകൾ ഉണ്ടാക്കിയതു് എന്തു സാധനംകൊണ്ടാണു്?

അച്ഛൻ:— മെഴുകുകൊണ്ടു്.

നാരായണി:—ഈച്ചകൾക്കു മെഴുകു കിട്ടുന്നതു് എവിടെനിന്നാണു്?

അച്ഛൻ:—ഈച്ചകൾ കുടിച്ച തേൻ അവയുടെ ശരീരത്തിനുള്ളിൽവെച്ചു മെഴുകായിത്തീരുന്നു. ഈ മെഴുകു് ഉപയോഗിച്ചു് അവ അടകൾ കെട്ടുന്നു. എത്ര സാമത്ഥ്യമുള്ള പണിക്കാരാണു് ഈച്ചകൾ. ഒരൊററ മുറിയെങ്കിലും അളവിൽ കുറഞ്ഞോ കൂടിയോ, വടിവു തെററിയോ ഇരിയ്ക്കുന്നുണ്ടോ?

അച്ഛൻ ആ അട കൂട്ടിന്നുള്ളിൽവെച്ചു മറെറാരട പുറത്തെടുത്തു. അതിന്മേൽ പററിപ്പിടിച്ചിരുന്ന ഈച്ചകളുടെ ഇടയിലൂടെ സാധാരണയിൽ കവിഞ്ഞ വലിപ്പമുള്ള ഒരീച്ച വേഗത്തിൽ ചരിച്ചിരുന്നു. അച്ഛൻ ആ ഈച്ചയെ നാരായണിയ്ക്കു കാണിച്ചുകൊടുത്തു:— "അതാ, അതാണു് ഈ കൂട്ടിലെ റാണി."

നാരായണി അത്ഭുതപ്പെട്ടു. ഈച്ചകൾക്കും ഉണ്ടോ റാണി!

അച്ഛൻ പറഞ്ഞു:— ഓരോ കൂട്ടിലും ഓരോ റാണിയീച്ച ഉണ്ടായിരിയ്ക്കും. മുട്ടയിടുകയാണു് റാണിയുടെ ചുമതല. അവൾ ഒരു ദിവസം മൂവായിരത്തോളം മുട്ടയിടും. ഇതാ, ഈ അറയ്ക്കുള്ളിൽവെളുത്തു നീണ്ട ഒരു ചെറിയ സാധനം കാണുന്നില്ലേ? അതാണു് മുട്ട.

നാരായണി:— അപ്പോൾ മററു് ഈച്ചകൾ മുട്ടയിടുകയില്ലേ?

അച്ഛൻ:— തേനീച്ചക്കൂട്ടിൽ ഓരോ ഈച്ചയ്ക്കും ഓരോ ജോലിയെന്നു വ്യവസ്ഥയുണ്ടു്. തേനും പൂമ്പൊടിയും കൊണ്ടുവരികയും, കൂടുകെട്ടി ശുചിയായി വെയ്ക്കുകയും, കാവൽ നില്ക്കുകയും മററുമാണു് സാധാരണ ഈച്ചകളുടെ ചുമതല. റാണിമാത്രമാണു് മുട്ടയിടുന്നതു്.

നാരായണി:— മുട്ട വിരിഞ്ഞാണോ ഈച്ചയാവുന്നതു്?

അച്ഛൻ:—മുട്ടയിട്ടു മൂന്നോ നാലോ ദിവസങ്ങൾ കഴിഞ്ഞാൽ അതു വിരിയും. പക്ഷെ അതിൽനിന്നു പുഴപോലുള്ള ഒരു ജീവിയാണു് പുറത്തുവരിക. ഇതിനെ "പാപ്പാത്തി" എന്നു വിളിയ്ക്കുന്നു. ഈച്ചകൾ തേനും പരാഗവും കൊടുത്തു പാപ്പാത്തിയെവളത്തുന്നു. കുറച്ചുദിവസ

ങ്ങൾക്കുള്ളിൽ പാപ്പാത്തി അതിന്റെ അറ യോളം വലുതാവും. ഉടനെ ഈച്ചകൾ അറയുടെ മേൽഭാഗം മെഴുകുവെച്ചടയ്ക്കുന്നു. ഈ തടവു മുറിയിൽവെച്ചു പാപ്പാത്തിയ്ക്കു വിസ്മയകരമായ മാററം ഉണ്ടാകുന്നു. അതിന്റെ ഉടലിന്നുചുററും ഒരു ആവരണം ഉണ്ടാവുന്നു. ആവരണത്തി ന്നുള്ളിൽ ചിറകുകളും കാലുകളും മുളച്ചുവരുന്നു. പാപ്പാത്തി ഒരീച്ചയായി മാറുന്നു. മുട്ട വിരിഞ്ഞു പതിനാറോ പതിനേഴോ ദിവസങ്ങൾക്കുള്ളിൽ ഈച്ച പുറത്തുവരുന്നു.

നാരായണി:—റാണിയീച്ചകൾ ഉണ്ടാവു ന്നതും ഇങ്ങനെതന്നെയാണോ?

അച്ഛൻ:—അതെ. പക്ഷെ അവയുടെ അറ വലുതായിരിയ്ക്കും. റാണിപ്പാപ്പാത്തികൾക്കു കിട്ടുന്ന ഭക്ഷണവും വിശേഷപ്പെട്ട രീതിയി ലുള്ളതാണ്. വളർത്തുന്നതിലുള്ള വ്യത്യാസം കൊണ്ടാണ് ഈച്ചകൾ റാണികളും വേലക്കാരു മായി വേർതിരിയുന്നതു്.

നാരായണി:— ഒരു കൂട്ടിൽ ഒരു റാണിയേ ഉള്ളു?

അച്ഛൻ:—അതെ. കൂട്ടിൽ ഈച്ചകൾ അധികമാവുകയോ, റാണിയ്ക്കു വയസ്സാവുകയോ

ചെയ്താൽ മാത്രം ഈച്ചകൾ പുതിയ "റാണിയറ" കെട്ടിയുണ്ടാക്കും. കൂട്ടിൽ പ്രാപ്തിയുള്ള രണ്ടു റാണിമാരുണ്ടായാൽ കൂടു പിരിയുകയും, ഒരുകൂട്ടം ഈച്ചകൾ കൂടുകെട്ടാൻ പുതിയ സ്ഥലം അന്വേഷിച്ചു പുറപ്പെടുകയും ചെയ്യുന്നു. അത്തരം ഒരു കൂട്ടമാണു് നമ്മുടെ കുടത്തിൽ വന്നുകൂടിയതു്.

നാരായണി:— റാണിയും വേലക്കാരുമല്ലാതെ വേറെ ഈച്ചകൾ കൂട്ടിലുണ്ടോ?

അച്ഛൻ:— ഉണ്ടു്. ആ കറുത്ത തടിയനെ നോക്കൂ. അവൻ ആണീച്ചയാണു്. ആണീച്ച തേൻ ശേഖരിയ്ക്കാൻ പോകാതെ മടിയനായി കൂട്ടിൽ തിന്നും കുടിച്ചും ഇരിയ്ക്കുകയേ ഉള്ളു. തേൻ കിട്ടാൻ പ്രയാസമുള്ള കാലങ്ങളിൽ മററു് ഈച്ചകൾ ആ മടിയനെ കുത്തിക്കൊല്ലുന്നു.

നാരായണി:—വേല എടുക്കാത്ത കൂട്ടർക്കു ശിക്ഷതന്നെ കിട്ടണം.

അച്ഛൻ:—ഈച്ചകൾ എത്ര നല്ല ജീവികളാണു്! അവ തമ്മിൽ കലഹിയ്ക്കാറില്ല. എല്ലാവരും പകൽമുഴുവൻ തങ്ങൾക്കു ചേർന്ന പണിയെടുക്കുന്നു. തേനീച്ചകളോളം സ്ഥിരപരിശ്രമം മററാർക്കുമില്ല. എല്ലാ മനുഷ്യരും തേനീച്ചകളെപ്പോലെ ആയിരുന്നെങ്കിൽ ഈ ലോകം പണ്ടേയ്ക്കുപണ്ടേ സ്വർഗ്ഗമായിത്തീരുമായിരുന്നു!

പാഠം വന്ന

തപാൽ

രണ്ടാം ക്ലാസ്സിലെ വാഷിക പരീക്ഷയിൽ ഒന്നാമനായി ജയിച്ചാൽ ഒരു നല്ല സമ്മാനം കൊടുക്കാമെന്നു ചേട്ടൻ വറുഗീസ്സുകുട്ടിയോടു പറഞ്ഞിരുന്നു. ദിവസംതോറും ക്ലാസ്സിൽ പഠിയ്ക്കേണ്ട പാഠങ്ങൾ വറുഗീസ്സുകുട്ടി സശ്രദ്ധം പഠിയ്ക്കാറുണ്ടു്. പരീക്ഷയിൽ പ്രഥമസ്ഥാനം ലഭിച്ചപ്പോൾ വിവരം ചേട്ടനെ അറിയിയ്ക്കുവാൻ അവനു തിടുക്കമായി. ഒരു കടലാസെടുത്തു് ഓരോ വിഷയത്തിനു തനിയ്ക്കു കിട്ടിയ മാക്കും, ക്ലാസ്സിൽ ഒന്നാമൻ താനാണെന്ന വിവരവും വിശദമായി എഴുതി. അവൻ അപ്പനു് എഴുത്തു കളും പത്രങ്ങളും കൊണ്ടുവന്നു കൊടുക്കാറുള്ള തപാൽക്കാരൻെറ വരവു കാത്തിരുന്നു. അയാളെ പടിയ്ക്കൽ കണ്ട ഉടനെ വറുഗീസ്സുകുട്ടി ഓടിച്ചെന്നു പറഞ്ഞു:—

“ഞാൻ പരീക്ഷയിൽ ജയിച്ച വിവരം എഴുതിയ കടലാസ്സാണു് ഇതു്. മദിരാശിയിൽ താമസിയ്ക്കുന്ന ചേട്ടനു് ഇതു കൊടുത്താൽ കൊള്ളാം.” ചേട്ടൻ എനിയ്ക്കു നല്ല ഒരു സമ്മാനം തരും. അതും വാങ്ങിക്കൊണ്ടുവരണം.”

ഇതു കേട്ട തപാൽക്കാരൻ ചിരിച്ചു. അയാൾ പറഞ്ഞു:—

"കുട്ടി ജയിച്ചതു വളരെ നന്നായി. പക്ഷെ ചേട്ടനെ വിവരം അറിയിയ്ക്കുന്നതിന്നു് ഈ കടലാസ്സു മാത്രം പോര."

വറുഗീസ്സുകുട്ടി:—പിന്നെ എന്താണു് വേണ്ടതു്? പറഞ്ഞു തരൂ. സമ്മാനം കിട്ടാൻ എനിയ്ക്കു തിടുക്കമായി.

തപാൽക്കാരൻ:—ഈ കടലാസ്സു വൃത്തിയായി മടക്കി ഒരു ലക്കോട്ടിലാക്കി ഒട്ടിയ്ക്കണം. ലക്കോട്ടിന്റെ പുറത്തു ചേട്ടന്റെ പേരും, വീട്ടുപേരും, താമസിയ്ക്കുന്ന നിരത്തിന്റെയും പട്ടണത്തിന്റെയും പേരും ഭംഗിയായി എഴുതണം.

വറുഗീസ്സുകുട്ടി:—അതിനെന്താണു് പ്രയാസം? ലക്കോട്ടു് എത്ര വേണമെങ്കിലും അപ്പന്റെ മേശപ്പുറത്തുണ്ടല്ലൊ. ഇവിടെ നില്ക്കു.

എന്നുപറഞ്ഞു വറുഗീസ്സുകുട്ടി വേഗത്തിൽ അകത്തു പോയി എഴുത്തു മടക്കി ലക്കോട്ടിലാക്കി പശവെച്ചു് അതിന്റെ പുറത്തു ചേട്ടന്റെ മേൽവിലാസം അമ്മയോടു ചോദിച്ചു് എഴുതിക്കൊണ്ടു വന്നു. അപ്പോൾ തപാൽക്കാരൻ പറഞ്ഞു:—

“ഇതുകൊണ്ടും ആയില്ല. രണ്ടണ കൊടുത്തു തപാലാപ്പീസ്സിൽനിന്നും ഒരു സ്റ്റാമ്പു വാങ്ങി ഇതിന്റെ വലത്തുവശത്തു മുകളിലെ മൂലയിൽ പതിയ്ക്കണം. എന്നാൽ മാത്രമേ ഈ എഴുത്തു മദിരാശിയിലേയ്ക്കു കൊണ്ടുപോവുകയുള്ളൂ.”

വറുഗീസ്സുകുട്ടി:—രണ്ടണയോ? മദിരാശിയിൽ പോയി മടങ്ങുവാൻ വണ്ടിക്കൂലിതന്നെ ഇരുപത്തഞ്ചു രൂപയോളമാകുമെന്നു ചേട്ടൻ പറഞ്ഞിട്ടുണ്ടല്ലോ. വെറും രണ്ടണകൊണ്ടു നിങ്ങൾ എങ്ങനെയാണു മദിരാശിയിൽ പോയി എഴുത്തു കൊടുത്തു തിരിച്ചു വരിക?

തപാൽക്കാരൻ:—ഞാനല്ല ഈ എഴുത്തു കൊണ്ടുപോവുക. കുട്ടിയുടെ പടിയ്ക്കൽതന്നെ ചുമന്ന ഒരു തപാൽപ്പെട്ടി ഉണ്ടല്ലോ. ഈ കത്ത് അതിലിട്ടാൽ മതി. താമസിയാതെ അതു ചേട്ടനു കിട്ടും.

പടിയ്ക്കലെ പെട്ടിയിൽ വീണ എഴുത്ത്, മദിരാശിയിലുള്ള ചേട്ടന്റെ അടുക്കൽ എത്തുന്നതെങ്ങനെ? വറുഗീസ്സുകുട്ടിയ്ക്ക് അത് ആശ്ചര്യമായി തോന്നി. തപാൽക്കാരൻ പറഞ്ഞു.—

“കുട്ടിയുടെ എഴുത്തുപോലെ പല സ്ഥലങ്ങളിലേയ്ക്കുമുള്ള അനേകം കത്തുകൾ പലരും ആ



പെട്ടിയിൽ ഇട്ടിട്ടുണ്ടാകും. ഒരു തപാലാപ്പീസ്സിനോടു ചേർന്നു് ഇങ്ങനെ അനേകം പെട്ടികൾ കാണും. എല്ലാ ദിവസവും ഒരു നിശ്ചിത സമയത്തു്, തപാൽക്കാരൻ പെട്ടികൾ തുറന്നു് എഴുത്തുകളെല്ലാം എടുത്തു് ഒരു സഞ്ചിയിലാക്കി

തപാലാപ്പീസ്സിലേയ്ക്കു കൊണ്ടുപോകും. എഴുത്തുകളിൽ ഒട്ടിച്ചിട്ടുള്ള സ്റ്റാമ്പുകളിലെല്ലാം മുദ്രകുത്തും. എന്നിട്ടു്, മേൽവിലാസം നോക്കി എഴുത്തുകൾ തിരിഞ്ഞുവെയ്ക്കും. ഒരേ സ്ഥലത്തേയ്ക്കുള്ള കത്തുകളെല്ലാം ഒരു സഞ്ചിയിലാക്കും. അങ്ങനെ തിരിഞ്ഞു കെട്ടിയ സഞ്ചികളെല്ലാം തീവണ്ടി വഴി അയയ്ക്കും. അടുത്ത സ്ഥലങ്ങളിലേയ്ക്കു ബസ്സു വഴിയായും തപാൽസ്സഞ്ചികൾ കൊണ്ടുപോകാറുണ്ടു്. അതതു സ്ഥലത്തെത്തിയാൽ സഞ്ചി അഴിച്ചു് എഴുത്തുകളുടെ പുറത്തു വീണ്ടും മുദ്രയടിയ്ക്കും. ഇതു് എഴുത്തുകൾ അതതിടങ്ങളിൽ വന്നെത്തിയ തിയതി അറിയുവാനാണു്. അതിന്നു ശേഷം അവിടെയുള്ള തപാൽക്കാർ ആ എഴുത്തുകൾ മേൽവിലാസക്കാർക്കു കൊണ്ടുപോയി കൊടുക്കും."

വറുഗീസ്സുകുട്ടി ലക്കോട്ടിൽ സ്റ്റാമ്പൊട്ടിച്ചു തപാൽപ്പെട്ടിയിലിട്ടു. ഒരാഴ്ചയ്ക്കുള്ളിൽ ഒരു ദിവസം തപാൽക്കാരൻ തവിട്ടുനിറമുള്ള ഒരു കടലാസ്സുകെട്ടു് അവന്റെ കൈയിൽ കൊണ്ടുവന്നു കൊടുത്തു. ചരടറുത്തു് അവൻ കെട്ടു നിവർത്തി നോക്കി. ഭംഗിയേറിയ കുറെ ചിത്രപുസ്തകങ്ങൾ! "വറുഗീസ്സുകുട്ടിയ്ക്കു ചേട്ടന്റെ സമ്മാനം" എന്നു് അവയിൽ എഴുതിയിരുന്നു. തപാൽവഴി കത്തുകൾമാത്രമല്ല, പുസ്തകങ്ങളും മററു സാധനങ്ങളും അയയ്ക്കാം.

ദൂരസ്ഥലങ്ങളിൽ ബന്ധുക്കളും സ്നേഹിതന്മാരും ഉള്ളവർക്കു തപാൽ എന്തു് അനുഗ്രഹമാണു്! പണ്ടു് എഴുത്തുകളും മററും എത്തിയ്ക്കുന്നതിന്നു പ്രത്യേകം ദൂതന്മാരെ അയയ്ക്കുകയാണു് പതിവു്. ഇതുകൊണ്ടു വളരെ താമസവും ചെലവും വേണ്ടിവരാറുണ്ടു്. ദുർഘടമായ മാർഗ്ഗങ്ങളിൽക്കൂടെ സഞ്ചരിയ്ക്കുന്ന സന്ദേശവാഹകന്മാർക്കു പല ബുദ്ധിമുട്ടുകളും സഹിയ്ക്കേണ്ടിവന്നിരുന്നു. തപാൽ സമ്പ്രദായം എത്ര സൗകര്യമുള്ളതാണു്!

തീവണ്ടിവഴിയായല്ലാതെ വിമാനം വഴിയായും ഇന്നു് എഴുത്തുകൾ അയയ്ക്കാം. കത്തയയ്ക്കുന്നതിനേക്കാൾ വേഗത്തിൽ കമ്പിയടിച്ചു കാര്യങ്ങൾ ധരിപ്പിയ്ക്കാം. കമ്പി അടിയ്ക്കുന്ന യന്ത്രത്തിനു "ടെലിഗ്രാഫ്" എന്നു പേർ. ദൂരസ്ഥലത്തുള്ളവരോടു നേരിട്ടു സംസാരിയ്ക്കുവാൻ സാദ്ധ്യമാക്കുന്ന ഒരു യന്ത്രമാണു് "ടെലിഫോൺ". ഈ യന്ത്രങ്ങളെപ്പററിയെല്ലാം ഏറെക്കുറെ അറിഞ്ഞിരിയ്ക്കേണ്ടതു് ഇക്കാലത്തു് അത്യാവശ്യമാണു്.

പാഠം ൨൧

നോക്കിനടക്കണം

ഒരു ദിവസം മാധവൻകുട്ടി സ്കൂളിലേയ്ക്കു വരുന്നവഴിയ്ക്കു വലിയ ഒരപകടം ഉണ്ടാവാൻ ഭാവിച്ചു. അവൻ ഇടവഴിയിൽനിന്നു പൊതുനിരത്തിലേയ്ക്കു തിരിഞ്ഞ ഉടനെ അകലെയുള്ള പള്ളിക്കൂടത്തിൽ ആദ്യത്തെ മണിയടിയ്ക്കുന്ന ശബ്ദം കേൾക്കാറായി. സമയം വൈകി പാഠശാലയിൽ ചെല്ലുകയില്ലെന്നു മാധവൻകുട്ടിയ്ക്കു വളരെ നിർബ്ബന്ധമാണ്. അതിനാൽ മണിയുടെ ഒച്ച കേട്ട ഉടനെ അവൻ തിടുക്കത്തിൽ ഓടുവാൻ തുടങ്ങി. പെട്ടെന്നു മുമ്പിൽനിന്ന് ഒരു മോട്ടോർ കാർ പൊടിപറപ്പിച്ചുകൊണ്ടു വന്നു. ഓട്ടത്തിന്നിടയ്ക്കു മാധവൻകുട്ടി മോട്ടോർ കണ്ടില്ല. സ്കൂളിൻെറ നേരെ മുമ്പിൽവെച്ചു കാർ അവൻെറ അടുത്തെത്തി. കാറും അവനും തമ്മിൽ തൊട്ടു തൊട്ടില്ലെന്നായി. വഴിയുടെ ഒരു വശത്തു നിന്നിരുന്ന അന്തോണിയുടെ മിടുക്കുകൊണ്ടാണു മാധവൻകുട്ടി രക്ഷപ്പെട്ടതു്. അപകടം നോക്കിക്കണ്ട അന്തോണി ഓടുന്ന മാധവൻകുട്ടിയുടെ കൈ പിടിച്ച് ഒരുവശത്തേയ്ക്കു വലിച്ചു. മാധവൻകുട്ടി വഴിച്ചാലിൽ മലൎന്നുവീണു. ഓടിവന്നിരുന്ന കാർ പെട്ടെന്നു നിന്നു. വീഴ്ചയിൽ

മാധവൻകുട്ടിയ്ക്കു മുട്ടു കുറച്ച് ഉരഞ്ഞതല്ലാതെ വേറെ അപകടമൊന്നും പററിയില്ല. അവൻ പൊടി തട്ടിക്കുടഞ്ഞു് എഴുന്നേററുനിന്നു. കാർ വീണ്ടും പാഞ്ഞുപോയി.

ക്ലാസിൽ ഈ സംഭവത്തെക്കുറിച്ചു പ്രസ്താവമുണ്ടായി. അദ്ധ്യാപകൻ അന്തോണിയെ അഭിനന്ദിച്ചു. നിരത്തിൽക്കൂടെ നടക്കുമ്പോൾ അനുഷ്ഠിയ്ക്കേണ്ട നിയമങ്ങളെപ്പററി പിന്നെ അദ്ധ്യാപകൻ ക്ലാസിനു് ഉപദേശം നല്കി.

നിരത്തുകളിൽ കൂടി നടക്കുന്നവരുടെ അശ്രദ്ധമൂലം ആണ്ടുതോറും അനവധി അപകടങ്ങൾ വന്നുചേരുന്നുണ്ടു്. ആളുകൾ അല്പം ശ്രദ്ധ വെയ്ക്കുന്നപക്ഷം ഈ അപകടങ്ങൾ വളരെ കുറയ്ക്കാൻ കഴിയും. വഴിയിൽക്കൂടെ നടക്കുമ്പോൾ പ്രധാനമായി ശ്രദ്ധിയ്ക്കേണ്ട കാൎയ്യം ആത്മരക്ഷയാണു്. ഓരോരുത്തൻെറയും ഒന്നാമത്തെ വിചാരം സ്വരക്ഷയായിരിയ്ക്കണം. എല്ലാവരും അവനവനെ രക്ഷിച്ചാൽ പിന്നെ ആൎക്കും അപകടമുണ്ടാവുകയില്ലല്ലോ. വഴിയുടെ നടുവിലൂടെ ഒരിയ്ക്കലും നടക്കരുതു്. ഒരു വശത്തുകൂടെ വേണം നടക്കുവാൻ. പട്ടണങ്ങളിലും മററും വഴിയുടെ വക്കിൽ കാൽനടപ്പാത വേറെ കെട്ടിയിട്ടുണ്ടായിരിയ്ക്കും. കഴിയുന്നതും അതിൽക്കൂടെ

മാത്രമേ നടക്കാവൂ. വഴി മുറിഞ്ഞു കടക്കുമ്പോഴാണു് പ്രത്യേകം മനസ്സിരുത്തേണ്ടതു്. കുറച്ചു നിന്നു ശ്രദ്ധിച്ചു്, വല്ല വാഹനങ്ങളും വരുന്നുണ്ടോ എന്നു് ഇരുവശവും നല്ലപോലെ നോക്കിയതിനു ശേഷം വേണം അപ്പുറത്തേയ്ക്കു കടക്കുവാൻ. നാലുംകൂടുന്ന വഴികളിൽ വിശേഷിച്ചും ശ്രദ്ധ വേണ്ടതാണു്. അത്തരം സ്ഥലങ്ങളിൽ വഴി തിരിച്ചുവിടുന്ന പോലീസ്സുകാരെ സാധാരണമായി കാണാം. പോലീസ്സുകാർ അവിടെ നില്ക്കുന്നതു വാഹനങ്ങളുടെ ഗതാഗതം നിയന്ത്രിച്ചു് അപകടം ഇല്ലാതാക്കുവാനാണു്. അവരെ ശ്രദ്ധിച്ചു നോക്കി പോകുന്നതു് അത്തരം സ്ഥലങ്ങളിൽ ആവശ്യമാണു്. വഴിയിൽക്കൂടെ ഓടുകയോ, കൂട്ടം കൂടി നടക്കുകയോ ചെയ്യരുതു്. വഴിയിൽനിന്നു കളിയ്ക്കുന്നതും തെററാണു്. പഴത്തൊലി, കുപ്പിച്ചില്ലു്, ചവറു മുതലായവ വഴിയിൽ ഇടുന്നതു വലിയ ജനദ്രോഹമാണു്. ഇതുനിമിത്തം വീണും കാൽമുറിഞ്ഞും വമ്പിച്ച അപകടങ്ങൾ ഉണ്ടാവാറുണ്ടു്. പൊതുവഴി, പൊതുസ്വത്താണു് എന്നു് എല്ലാവരും എല്ലായ്പോഴും ഓർത്തിരിയ്ക്കണം. വഴിയിൽ നടക്കുമ്പോൾ ഒരിയ്ക്കലും പരിഭ്രമിച്ചു് ഓടരുതു്. പിന്നിൽനിന്നു സൈക്കിളിൻെറ മണിയോ മോട്ടോറിൻെറ കൊമ്പുവിളിയോ കേട്ടാൽ പരിഭ്രമിച്ചു പരക്കംപായുക

ചിലകുട്ടികളുടെ പതിവാണു്. ഇതു വലിയ തെററാകുന്നു. ധൈര്യമുള്ളവന്നു മാത്രമേ ആപത്തുകളിൽനിന്നു് ഒഴിഞ്ഞുമാറുവാൻ കഴിയൂ.

പാഠം ൨൮

സൂര്യപ്രഭയും വിനയവതിയും

നഗരത്തിലെ ഒരു ഗൃഹത്തിൽ "സൂര്യപ്രഭ" എന്നു പേരായ ഒരു വൈദ്യുതദീപമുണ്ടായിരുന്നു. വിശാലമായ ഒരു മുറിയുടെ ചുമരിന്മേൽ ഉച്ചസ്ഥാനത്തു് ഇരുന്നിരുന്ന സൂര്യപ്രഭ ഒരു മേനിക്കാരിയായിരുന്നു. മുറിയുടെ ഒരു ഭാഗത്തു "വിനയവതി" എന്നു പേരായ ഒരു നിലവിളക്കും കത്തിക്കൊണ്ടിരുന്നു.

സൂര്യപ്രഭ:—എന്റെ ഛായ ആ കണ്ണാടിയിൽ പ്രതിബിംബിയ്ക്കുമ്പോൾ എന്തു ശോഭയാണു്! ഞാൻ ഒരു കൊച്ചുസൂര്യൻ തന്നെയാണു്; സംശയമില്ല.

വിനയവതി:—ശരിയാണു്, ജ്യേഷ്ഠത്തി!

സൂര്യപ്രഭ:—ഇതാരാണു് എന്നെ "ജ്യേഷ്ഠത്തി" എന്നു വിളിയ്ക്കുന്നതു്? (നാലുപുറവും നോക്കി

യിട്ടു്) ഈ നിലവിളക്കു താഴെ ഇരിയ്ക്കുന്ന കഥതന്നെ ഞാൻ അറിഞ്ഞില്ല. ഇവിടത്തെ ഗൃഹനായികയ്ക്കു് ഒട്ടും വകതിരിവില്ല. ഞാൻ ഇവിടെ പ്രകാശിയ്ക്കുമ്പോൾ ഈ നാടൻ വിളക്കിനെ എന്തിനാണു് ഈ മുറിയിലേയ്ക്കു കടത്തിയതു്?

വിനയവതി:—താങ്കൾ ഉന്നത സ്ഥാനത്തും ഞാൻ താഴ്ന്ന നിലയിലും ആണു് ഇരിയ്ക്കുന്നതു്. എങ്കിലും സൂൎയ്യൻ അസ്തമിച്ചാൽ മനുഷ്യൎക്കു വെളിച്ചംകൊടുക്കുന്ന ജോലി തന്നെയല്ലേ നാം രണ്ടുപേരും ചെയ്യുന്നതു്?

സൂൎയ്യപ്രഭ:—അമ്പോ! ഇവളുടെ ധിക്കാരം! ഞാനും ഇവളും ഒരു വംശത്തിൽ പെട്ട വരാണത്രേ! മിന്നാമിനുങ്ങു "ജ്യേഷ്ഠാ" എന്നു ചന്ദ്രനെ വിളിയ്ക്കുന്നതുപോലെയാണിതു്!

വിനയവതി:—ഇത്രയൊന്നും പരിഹസിയ്ക്കേണ്ട. എത്രയോ പുരാതനകാലംമുതൽ, ഇരുട്ടു് അക റവാൻ മനുഷ്യരെ സഹായിച്ചിട്ടുള്ളവരാണു് ഞങ്ങളുടെ കുടുംബക്കാർ. ഇന്നും ആവശ്യ മുള്ളവരെ ഞങ്ങൾ സഹായിയ്ക്കുന്നതുമുണ്ടു്.

സൂൎയ്യപ്രഭ:—ഈ പരിഷ്കൃതകാലത്തു്, നിങ്ങളെ പ്പോലെ ഉള്ളവരെക്കൊണ്ടു് ഉപകാരത്തി

ലധികം ഉപദ്രവമാണ്. കുറച്ചുമുമ്പു്, ആ ചെറിയ കുട്ടി നിങ്ങളുടെ മേൽ, കാൽതട്ടി വീഴുമായിരുന്നുവല്ലോ!

വിനയവതി:—പക്ഷെ, നമ്മുടെ നാട്ടിലുള്ള അനേകായിരം ചെറു ഗ്രാമങ്ങളിലും ദരിദ്രന്മാരുടെ കൊച്ചുവീടുകളിലും നിങ്ങൾ പോകുന്നില്ലല്ലോ. അവിടെയെല്ലാം ഞങ്ങളല്ലേ വെളിച്ചം കൊടുക്കുന്നതു്?

സൂൎയ്യപ്രഭ:—ഞങ്ങൾക്കും ക്ഷണിയ്ക്കുന്ന സ്ഥലങ്ങളിലേയ്ക്കു പോകുവാൻ വിരോധമില്ല. എന്നാൽ ഞങ്ങൾക്കു വേണ്ടുന്ന സൌകൎയ്യങ്ങൾ മുൻകൂട്ടി ഏൎപ്പെടുത്തണം. അതിനു കുറെ പണവും ചെലവാക്കേണ്ടിവരും.

സംഭാഷണം ഇത്രയും ആയപ്പോഴേയ്ക്കു മൂളിപ്പാട്ടും പാടിക്കൊണ്ടു് ഒരു ഇളംകാററു മുറിയിലേയ്ക്കു കടന്നുവന്നു. വിനയവതിയുടെ മുഖം പെട്ടെന്നു മങ്ങി. അവൾ വിറയ്ക്കുവാൻ തുടങ്ങി.

"അയ്യോ! എൻെറ കണ്ണുകൾ അടയുവാൻ പോകുന്നു. എനിയ്ക്കു തല ചുററുന്നു. ജ്യേഷ്ഠത്തീ! സൂൎയ്യപ്രഭേ! എന്നെ രക്ഷിച്ചാലും!" എന്നു വിലപിച്ചുകൊണ്ടു് ആ ശാന്തശീലയായ ദീപിക കെട്ടുപോയി. അവളുടെ ബോധക്ഷയം തീൎക്കുന്ന

തിന്നു ഗൃഹനായിക കൊണ്ടുവന്ന വൈദ്യനായിരുന്നു "തീപ്പെട്ടി". ഏതോ ചില പ്രയോഗം കൊണ്ടു വിനയവതിയുടെ ചൈതന്യം വീണ്ടെടുത്തു. അവൾ ഒരു ദീൎഘനിശ്വാസത്തോടുകൂടി വീണ്ടും പ്രകാശിയ്ക്കുവാൻ തുടങ്ങി.

"നീയും ഞാനും തമ്മിലുള്ള വ്യത്യാസം ഇപ്പോൾ മനസ്സിലായില്ലേ?" എന്നു പുച്ഛരസത്തിൽ ചോദിച്ചുകൊണ്ടു സൂൎയ്യപ്രഭ ഇളം കാററിൽ മന്ദമായി ഒന്നു് ഉല്ലസിച്ചു. വിനയവതി ഒരു മറുപടിയും പറഞ്ഞില്ല. അല്പനേരത്തെ നിശ്ശബ്ദതയ്ക്കുശേഷം യാതൊരു കാരണവും കൂടാതെ പെട്ടെന്നു സൂൎയ്യപ്രഭയുടെ മിഴി അടഞ്ഞു പോയി. വിനയവതിയ്ക്കു വളരെ പരിഭ്രമവും വ്യസനവും തോന്നി. അവൾ സൂൎയ്യപ്രഭയുടെ വിളറിയ മുഖത്തു സ്നേഹപൂൎണ്ണമായി നോക്കി നിന്നു. അതിനിടയ്ക്കു ഗൃഹനായിക വീണ്ടും മുറിയിലേയ്ക്കു വന്നു. ഇത്തവണ അവൾ കൊണ്ടു വന്ന വൈദ്യൻ ഒരു വിദ്യുച്ഛക്തിപ്പണിക്കാരനായിരുന്നു. "ഈ വിളക്കിന്നു് എന്താണു് കേടു പററിയതെന്നു പരിശോധിച്ചുനോക്കണം. വെളിച്ചമില്ലാതെ പരിശോധിയ്ക്കുവാൻ സാദ്ധ്യമല്ല. ആ ചെറിയ നിലവിളക്കു് എടുത്തു ഉയൎത്തി കാണിക്കു" എന്നയാൾ പറഞ്ഞു.

പരോപകാരം ചെയ്യുവാൻ ഒരു സന്ദർഭം ലഭിച്ച നിലവിളക്കിന്റെ മുഖം പ്രസന്നമായി. അല്പനിമിഷങ്ങൾക്കുള്ളിൽ സൂര്യപ്രഭ കണ്ണുതുറന്നു നാലുപുറവും നോക്കി. അവൾ ആദ്യം കണ്ടതു്, സ്നേഹംനിറഞ്ഞു മന്ദസ്മിതം തൂകി, തന്റെ മുഖത്തേയ്ക്കു നോക്കിനിന്നിരുന്ന വിനയവതിയെയാണു്. അവൾ തനിയ്ക്കു ചെയ്ത സേവനത്തിന്റെ മാഹാത്മ്യം സൂര്യപ്രഭയ്ക്കു മനസ്സിലായി. ബോധംവന്ന സൂര്യപ്രഭ പറഞ്ഞു:—"പ്രിയ സഹോദരീ! ഞാൻ ചെയ്ത അപരാധം സദയം ക്ഷമിച്ചാലും! നിന്റെ സഹായമില്ലായിരുന്നു എങ്കിൽ ഞാൻ ഇപ്പോഴും അന്ധകാരത്തിൽ കിടക്കേണ്ടിവരുമായിരുന്നു. ഞാൻ എങ്ങനെയാണു് നിനക്കു പ്രതിഫലം തരേണ്ടതു്?"

വിനയവതി:— സ്ഥാനവ്യത്യാസങ്ങൾ വകവെയ്ക്കാതെ അന്യോന്യം സഹായിയ്ക്കേണ്ടതു നമ്മുടെ കർത്തവ്യമല്ലേ? അതിനു് എന്തിനാണു് പ്രതിഫലം?

ഈ അവസരത്തിൽ ഗൃഹനായിക പ്രവേശിച്ചു സൂര്യപ്രഭയോടും വിനയവതിയോടും പ്രഭാതംവരെ ഉറങ്ങിക്കൊൾവാൻ ആജ്ഞാപിച്ചു. ആകാശത്തിൽ മിന്നിത്തിളങ്ങിയിരുന്ന നക്ഷത്രങ്ങളെ ജനലിൽക്കൂടി നോക്കിക്കൊണ്ടു് അവർ ഇരുവരും സുഖനിദ്രപ്രാപിച്ചു.

PRINTED BY
THE SUPERINTENDENT, COCHIN GOVERNMENT PRESS,
ERNAKULAM
1949

GOVERNMENT OF INDIA
INDIA 1947 PICE
2